കർമ്മശാസ്ത്രം ചോദ്യോത്തരങ്ങളിലൂടെ – 3

# നജസ് വൃത്തിയാക്കൽ

(24 ചോദ്യങ്ങളും ഉത്തരങ്ങളും)

## അബ്ദുൽ മുഹ്സിൻ ഐദീദ്

- غَفَرَ اللَّـهُ لَهُ وَلِوَالِدَيْهِ وَلِجَمِيعِ المُسْلِمِينَ -

# നജസ് വൃത്തിയാക്കൽ

1. എന്താണ് നജസ്? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 5
2. നജസ് നീക്കം ചെയ്യുന്നതിന്റെ വിധിയെന്താണ്? _ _ _ _ 5
3. നജസ് നീക്കം ചെയ്യുന്നതിന് പ്രത്യേകമായി നിയ്യത് വെക്കേണ്ടതുണ്ടോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 6
4. ഒരു കാര്യം നജസുള്ളതാണോ അല്ലേ എന്ന് സംശയമുണ്ടായാൽ എന്തു ചെയ്യണം? _ _ _ _ _ _ _ _ _ _ _ _ _ _ _ 7
5. നജസായ വസ്തുക്കൾ കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടെങ്കിൽ അവ അതിന് ഉപയോഗിക്കാമോ? _ _ _ _ _ 9
6. മുലകുടി പ്രായത്തിലുള്ള കുട്ടികളുടെ മൂത്രം ശുദ്ധീകരിക്കേണ്ടത് എങ്ങനെയാണ്? _ _ _ _ _ _ _ _ _ _ _ _ _ _ 11
7. ഭക്ഷ്യയോഗ്യമല്ലാത്ത മൃഗങ്ങളായ നായ, കാക്ക പോലുള്ളവയുടെ കാഷ്ഠം നജസാണോ? _ _ _ _ _ _ _ _ _ _ _ _ _ 14
8. ഭക്ഷ്യയോഗ്യമായ പശു, ആട്, കോഴി പോലുള്ളവയുടെ മലമൂത്ര വിസർജ്ജ്യങ്ങൾ നജസാണോ? _ _ _ _ _ _ _ _ _ 14
9. മനിയ്യ് (ശുക്ലം) നജസാണോ? _ _ _ _ _ _ _ _ _ _ _ _ _ 16
10. മദ്‌യ് (രേതസ്സ്) നജസാണോ? _ _ _ _ _ _ _ _ _ _ _ _ _ 18
11. മൂത്രമൊഴിച്ച ശേഷം വെള്ള നിറത്തിൽ കാണപ്പെടുന്ന ദ്രാവകം നജിസാണോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 19
12. സ്ത്രീകളുടെ ഗുഹ്യസ്ഥാനത്ത് കാണപ്പെടുന്ന നനവ് നജസാണോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 19
13. ചർദ്ദിൽ നജസാണോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 21
14. മനുഷ്യരുടെ രക്തം നജസാണോ? _ _ _ _ _ _ _ _ _ _ 22
15. പന്നിയുടെ രോമം കൊണ്ട് നിർമ്മിച്ച ബ്രഷുകൾ ഉപയോഗിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 24

16. പന്നിയുടെ നജസ് ഏഴു തവണ കഴുകണമോ? _ _ _ _ 26
17. പന്നി മാംസം ഉൾപ്പെടുന്ന മരുന്ന് ചികിത്സക്ക് ഉപയോഗിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 26
18. നായ ശരീരം കുടഞ്ഞപ്പോൾ ശരീരത്തിൽ വെള്ളം തെറിച്ചു; എന്തു ചെയ്യണം? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 28
19. നായ തലയിട്ട പാത്രം കഴുകേണ്ടത് എങ്ങനെയാണ്? _ 29
20. നായ തൊട്ട വസ്തു സോപ്പ് കൊണ്ടോ മറ്റോ വൃത്തിയാക്കിയാൽ മതിയാകുമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 30
21. മാലിന്യങ്ങൾ ഭക്ഷിക്കുന്ന പോത്ത്, കോഴി പോലുള്ളവയെ ഭക്ഷിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 31
22. എന്താണ് ഇസ്‌ലാമിന്റെ ഭാഷയിൽ 'മയ്തത്' (ശവം) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്? _ _ _ _ _ _ _ _ _ _ _ _ 33
23. കഴുത്ത് ഞെരിച്ചു കൊന്ന കോഴിയുടെ മാംസം ഭക്ഷിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 34
24. ചത്ത മൃഗങ്ങളുടെ തൊലി കൊണ്ട് നിർമ്മിക്കുന്ന ബാഗുകൾ ഉപയോഗിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ 35

# നജസ് വൃത്തിയാക്കൽ

## 1. എന്താണ് നജസ്?

അറബി ഭാഷയിൽ നജസ് എന്നാൽ മാലിന്യം എന്നാണർത്ഥം. 'മതപരമായി മാലിന്യമെന്ന് വിവക്ഷിക്കപ്പെടുന്ന വസ്തുക്കളെയാണ് സാങ്കേതികമായി നജസ് എന്ന് പറയുന്നത്.

'മതപരം' എന്ന് പ്രത്യേകം എടുത്തു പറഞ്ഞതിന് പിന്നിൽ വ്യക്തമായ ഒരു ഉദ്ദേശമുണ്ട്. കാരണം പൊതുവെ മനുഷ്യർ മാലിന്യമായി കാണുന്ന വസ്തുക്കളെല്ലാം മതത്തിന്റെ ഭാഷയിൽ നജസ് ആയിക്കൊള്ളണമെന്നില്ല. ഉദാഹരണത്തിന് വായിലെ ഉമിനീരും, ജലദോഷത്തിന്റെ ഭാഗമായി മൂക്കിൽ അടിഞ്ഞു കൂടുന്ന നീരും, തൊണ്ടയിൽ അടിഞ്ഞു കൂടുന്ന കഫവും മനുഷ്യരുടെ കണ്ണിൽ മാലിന്യമാണ്. എന്നാൽ മതപരമായ അർത്ഥത്തിൽ അവ നജസുകളിൽ ഉൾപ്പെടുകയില്ല. ഒരാളുടെ വസ്ത്രത്തിലോ ശരീരത്തിലോ ഉമിനീര് തെറിച്ചു എന്നതു കൊണ്ട് നിസ്കരിക്കുന്നതിനോ മറ്റോ അയാൾക്ക് തടസ്സമില്ല.

മതത്തിന്റെ ഭാഷയിൽ ഒരു കാര്യം നജസാണോ എന്ന് തീരുമാനിക്കുന്നതിന്റെ അടിസ്ഥാനം ഖുർആനിലെയും ഹദീഥിലെയും തെളിവുകളും, പണ്ഡിതന്മാർക്കിടയിലെ ഇജ്മാഉമാണെന്ന് കൂടി ഇതിൽ നിന്ന് മനസ്സിലാക്കാം. ആരുടെയെങ്കിലും ബുദ്ധിപരമായ ചിന്തകളോ അനുമാനങ്ങളോ അല്ല എന്തെങ്കിലും കാര്യം നജസാണെന്ന് നിശ്ചയിക്കാനുള്ള അടിത്തറ എന്ന് ചുരുക്കം.

## 2. നജസ് നീക്കം ചെയ്യുന്നതിന്റെ വിധിയെന്താണ്?

നജസ് നീക്കം ചെയ്യൽ നിർബന്ധമാണ്. നജസ് ശുദ്ധീകരിച്ചില്ലെങ്കിൽ ശരിയാകാത്ത നിർബന്ധ കർമ്മങ്ങളായ നിസ്കാരം പോലുള്ള പ്രവൃത്തികൾക്ക് മുൻപ് നജസ് വൃത്തിയാക്കിയിരിക്കണം. ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം ഇപ്രകാരമത്രെ.

പണ്ഡിതന്മാർക്കിടയിൽ ഈ വിഷയത്തിൽ ഇജ്മാഉണ്ടെന്ന് വരെ ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്.

عَنِ ابْنِ عَبَّاسٍ رَضِيَ اللهُ عَنْهُمَا، مَرَّ النَّبِيُّ -ﷺ- عَلَى قَبْرَيْنِ فَقَالَ: «**إِنَّهُمَا لَيُعَذَّبَانِ وَمَا يُعَذَّبَانِ مِنْ كَبِيرٍ**» ثُمَّ قَالَ: «**بَلَى أَمَّا أَحَدُهُمَا فَكَانَ يَسْعَى بِالنَّمِيمَةِ، وَأَمَّا أَحَدُهُمَا فَكَانَ لاَ يَسْتَتِرُ مِنْ بَوْلِهِ**» وَفِي رِوَايَةٍ عِنْدَ مُسْلِمٍ: «**وَكَانَ الْآخَرُ لَا يَسْتَنْزِهُ عَنِ الْبَوْلِ – أَوْ مِنَ الْبَوْلِ –**»

അബ്ദുല്ലാഹി ബ്നു അബ്ബാസ് -ؓ- നിവേദനം: നബി -ﷺ- ഒരിക്കൽ രണ്ട് ഖബറുകൾക്ക് അരികിലൂടെ നടന്നു പോയി. അപ്പോൾ അവിടുന്ന് പറഞ്ഞു: "ഇവർ രണ്ടു പേരും ശിക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. വലിയ ഒരു കാര്യത്തിന്റെ പേരിലല്ല അവർ ശിക്ഷിക്കപ്പെടുന്നത്.

അവരിൽ ഒന്നാമൻ നമീമതുമായി (ഏഷണി) നടക്കുന്നവനായിരുന്നു. രണ്ടാമത്തെയാളാകട്ടെ, തന്റെ മൂത്രത്തിൽ നിന്ന് മറ സ്വീകരിക്കാറുമില്ലായിരുന്നു." ഹദീഥിന്റെ ചില നിവേദനങ്ങളിൽ "അയാൾ മൂത്രത്തിൽ നിന്ന് ശുദ്ധീകരിക്കാറില്ലായിരുന്നു" എന്നാണുള്ളത്. (ബുഖാരി: 6052, മുസ്‌ലിം: 292)

നിർബന്ധമായ ഒരു കാര്യം ഉപേക്ഷിച്ചതിന്റെ പേരിൽ മാത്രമേ ശിക്ഷ ലഭിക്കുകയുള്ളൂ. നജസായ മൂത്രം ശുദ്ധീകരിക്കാത്തതിന്റെ പേരിൽ -ഹദീഥിൽ പരാമർശിക്കപ്പെട്ട വ്യക്തി- ശിക്ഷിക്കപ്പെട്ടുവെങ്കിൽ അതിൽ നിന്ന് നജസ് ശുദ്ധീകരിക്കൽ നിർബന്ധമാണെന്ന് മനസ്സിലാക്കാം.

### 3. നജസ് നീക്കം ചെയ്യുന്നതിന് പ്രത്യേകമായി നിയ്യത് വെക്കേണ്ടതുണ്ടോ?

നജസ് നീക്കംചെയ്യുന്നതിന് നിയ്യത് നിബന്ധനയില്ല. നാല് മദ്ഹബുകളും പൊതുവെ യോജിച്ച വിഷയമാണിത്. ഇക്കാര്യത്തിൽ പണ്ഡിതന്മാർക്ക് ഏകാഭിപ്രായമാണുള്ളത് എന്നു വരെ ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇമാം മാവർദി -رحمه الله- പറഞ്ഞു: "നജസ് നീക്കുന്നതിന് നിയ്യത് ആവശ്യമില്ലെന്നതിൽ പണ്ഡിതന്മാർ ഇജ്മാഇലായിരിക്കുന്നു." (അൽ ഹാവീ അൽ-കബീർ: 1/87)

ഇബ്നു തൈമിയ്യ -ﷺ- പറയുന്നു: "മലമൂത്ര വിസർജനത്തിൽ നിയ്യത് പരിഗണിക്കേണ്ടതുണ്ട് എന്ന ശാഫിഈ ഹമ്പലീ മദ്ഹബുകളിലെ ചിലരുടെ അഭിപ്രായം മുൻപ് സ്ഥിരപ്പെട്ടു കഴിഞ്ഞ ഇജ്മാഇന് വിരുദ്ധമാണ്. അതോടൊപ്പം മദ്ഹബിലെ ഇമാമീങ്ങളുടെ തന്നെ അഭിപ്രായത്തിനും അത് എതിരാകുന്നു." (മജ്മൂഉൽ ഫതാവാ: 21/477)

ഈ വിധി സ്വീകരിക്കുന്നതിന്റെ കാരണമായി ചില പണ്ഡിതന്മാർ പറഞ്ഞു: നജസ് നീക്കം ചെയ്യുക എന്നത് ഒരാൾ ചെയ്യാൻ കൽപ്പിക്കപ്പെട്ട ഒരു ഇബാദതിന്റെ ഭാഗമല്ല; മറിച്ച് ഉപേക്ഷിക്കേണ്ട കാര്യങ്ങളിലാണ് അത് ഉൾപ്പെടുക (بَابُ التُّرُوكِ). ഉപേക്ഷിക്കേണ്ട കാര്യങ്ങൾ ശരിയാകാൻ നിയ്യത് ഉണ്ടായിരിക്കണമെന്ന നിബന്ധനയില്ല.

ഉദാഹരണത്തിന് മോഷണം ഉപേക്ഷിക്കേണ്ട -തിന്മകളിൽ പെട്ട- പ്രവൃത്തിയാണ്; ഒരാൾ മോഷ്ടാവല്ല എന്ന് വിശേഷിപ്പിക്കപ്പെടാൻ അയാൾ നിയ്യത് വെച്ചു കൊണ്ട് മോഷണം ഉപേക്ഷിക്കേണ്ടതില്ല. മറിച്ച്, പ്രത്യേക ഉദ്ദേശമില്ലാതെ മോഷണം ഉപേക്ഷിച്ചാലും അത് സ്വീകാര്യമാണ്.

## 4. ഒരു കാര്യം നജസുള്ളതാണോ അല്ലേ എന്ന് സംശയമുണ്ടായാൽ എന്തു ചെയ്യണം?

വുദു എടുക്കാനോ കുളിക്കാനോ വേണ്ടി എടുത്ത വെള്ളം ശുദ്ധിയുള്ളതാണോ നജിസായതാണോ എന്ന സംശയം ചിലർക്ക് ഉണ്ടാകാറുണ്ട്. ബക്കറ്റിൽ വെച്ച വെള്ളത്തിൽ കുട്ടി മൂത്രമൊഴിച്ചിട്ടുണ്ടായിരിക്കുമോ?, വെള്ളത്തിന്റെ പരിസരത്ത് ഉണ്ടായിരുന്ന എന്തെങ്കിലും വസ്തു അതിലേക്ക് വീണിട്ടുണ്ടായിരിക്കുമോ?, എന്നെല്ലാമുള്ള സംശയങ്ങൾ ഉദാഹരണം.

ഇത്തരം സന്ദർഭത്തിൽ തനിക്ക് ഉറപ്പുണ്ടായിരുന്നത് എന്താണോ, അത് സ്വീകരിക്കുകയും, സംശയം തള്ളിക്കളയുകയുമാണ് വേണ്ടത്. 'ഉറപ്പുള്ള കാര്യം സംശയത്തിന്റെ പേരിൽ ഒഴിവാക്കരുത്' (اليَقِينُ لَا يَزُولُ بِالشَّكِّ) എന്ന പൊതുനിയമം ഈ സന്ദർഭത്തിൽ പ്രായോഗികമാണ്. നാല് മദ്ഹബുകളും പൊതുവെ ഇക്കാര്യത്തിൽ യോജിച്ചിരിക്കുന്നു.

ഉദാഹരണത്തിലൂടെ വിശദമാക്കാം. കിണറ്റിൽ നിന്ന് ശുദ്ധിയുള്ള വെള്ളം ഒരാൾ ബക്കറ്റിൽ ശേഖരിച്ചു വെച്ചു എന്ന് കരുതുക; തന്റെ ചെറിയ കുട്ടിയെ അടുത്തിരുത്തിയ ശേഷം എന്തെങ്കിലും

ആവശ്യത്തിനായി അയാൾ മാറിപ്പോവുകയും ചെയ്തു. തിരിച്ചു വന്നപ്പോൾ കുട്ടി മൂത്രമൊഴിച്ചിരിക്കുന്നു. കുട്ടിയുടെ മൂത്രം ബക്കറ്റിലെ വെള്ളത്തിൽ കലർന്നിട്ടുണ്ടോ എന്ന സംശയം പിടികൂടിയാൽ എന്തു ചെയ്യണം എന്നതാണ് ചോദ്യം.

ഉത്തരമായി മേലെ സൂചിപ്പിച്ച പൊതുതത്വം പ്രാവർത്തികമാക്കി നോക്കാം. വെള്ളം ശുദ്ധിയുള്ളതായിരുന്നു എന്നത് ഉറപ്പുള്ള കാര്യമായിരുന്നു. കുട്ടിയുടെ മൂത്രം വെള്ളത്തിൽ കലർന്നിട്ടുണ്ടായിരിക്കുമോ എന്നത് സംശയമുള്ള കാര്യവും. ഈ സന്ദർഭത്തിൽ ഉറപ്പുള്ള കാര്യം സ്വീകരിക്കുക; അതായത് വെള്ളം ശുദ്ധിയുള്ളതാണെന്ന് മനസ്സിലാക്കുകയും, അതു കൊണ്ട് ശുദ്ധീകരണം നടത്തുകയും ചെയ്യുക.

മറ്റൊരു ഉദാഹരണം കൂടി പറയാം. ഒരാളുടെ പക്കൽ നജസായ കുറച്ചു വെള്ളം ബക്കറ്റിലുണ്ട്. ബക്കറ്റിലെ വെള്ളം പിന്നീട് എടുത്തു കളയാം എന്ന ഉദ്ദേശത്തിൽ മറ്റെന്തെങ്കിലും കാര്യത്തിലേക്ക് അയാൾ മാറിപ്പോയെന്ന് കരുതുക. തിരിച്ചു വന്നപ്പോൾ താൻ ബക്കറ്റിൽ വെച്ചിരുന്ന നജസായ വെള്ളം ആരെങ്കിലും എടുത്തു മാറ്റുകയും, ശുദ്ധിയുള്ള വെള്ളം അതിലേക്ക് വെക്കുകയും ചെയ്തിട്ടുണ്ടോ എന്ന് അയാൾക്ക് സംശയമുണ്ടാവുകയും ചെയ്തുവെന്ന് കരുതുക. എന്താണയാൾ ചെയ്യേണ്ടത്?

നേരത്തെ പറഞ്ഞ പൊതുതത്വം ഇവിടെയും പ്രാവർത്തികമാക്കാം. ബക്കറ്റിലുണ്ടായിരുന്ന വെള്ളം നജസാണെന്നത് അയാൾക്ക് ഉറപ്പുള്ള കാര്യമായിരുന്നു. ഇപ്പോൾ ബക്കറ്റിലുള്ള വെള്ളം ശുദ്ധിയുള്ളതാണോ എന്നത് സംശയകരമായ കാര്യവും. ഈ സന്ദർഭത്തിൽ ഉറപ്പുള്ള കാര്യം സ്വീകരിക്കുകയും, സംശയം ഒഴിവാക്കുകയും ചെയ്യുക. അതായത്, വെള്ളം നജസാണെന്ന് മനസ്സിലാക്കുകയും അത് ഒഴിച്ചു കളയുകയും ചെയ്യുക.

ഇത്രയും പറഞ്ഞതിനുള്ള തെളിവ് നബി -ﷺ- യുടെ ഹദീഥാണ്. 'ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങളിലൊന്ന് വിവരിക്കുന്ന, കർമ്മശാസ്ത്രത്തിലെ മഹത്തരമായ പൊതുതത്വം ഉൾക്കൊള്ളുന്ന ഹദീഥ് എന്ന് ഇമാം നവവി -رحمه الله- വിശേഷിപ്പിച്ച പ്രസ്തുത ഹദീഥ് താഴെ നൽകാം.

عَنْ عَبْدِ اللهِ بْنِ زَيْدٍ الأَنْصَارِيِّ رَضِيَ اللهُ عَنْهُ قَالَ: شُكِيَ إِلَى النَّبِيِّ -ﷺ-

الرَّجُلُ، يُخَيَّلُ إِلَيْهِ أَنَّهُ يَجِدُ الشَّيْءَ فِي الصَّلَاةِ، قَالَ: «**لَا يَنْصَرِفُ حَتَّى يَسْمَعَ صَوْتًا، أَوْ يَجِدَ رِيحًا**»

അബ്ദുല്ലാഹി ബ്നു സയ്ദ് ബ്നുൽ അൻസ്വാരീ -ﷺ- നിവേദനം: നിസ്കാരത്തിൽ വുദു നഷ്ടപ്പെട്ടു എന്ന് തോന്നിക്കപ്പെടുന്ന ഒരു വ്യക്തി നബി -ﷺ- യോട് പ്രയാസം ബോധിപ്പിച്ചു. നബി -ﷺ- പറഞ്ഞു: “(കീഴ്ശ്വാസം പോയി എന്ന് ഉറപ്പാകുന്ന തരത്തിൽ) ശബ്ദം കേൾക്കുകയോ മണം അനുഭവപ്പെടുകയോ ചെയ്യുന്നത് വരെ അയാൾ പിരിഞ്ഞു പോകേണ്ടതില്ല.” (ബുഖാരി: 137, മുസ്‌ലിം: 361)

ഈ ഹദീഥിൽ വുദു നഷ്ടമായി എന്ന് ഉറപ്പാകുന്നത് വരെ അതിനെതിരെ ഉണ്ടാകുന്ന സംശയത്തെ പരിഗണിക്കേണ്ടതില്ലെന്നും, വുദു ഉണ്ട് എന്ന ഉറപ്പിൽ നിലനിൽക്കാനും നബി -ﷺ- ഉപദേശിക്കുന്നു. ഇത് വെള്ളത്തിന്റെ കാര്യത്തിൽ സംശയമുണ്ടാകുമ്പോഴും സ്വീകരിക്കാവുന്നതാണ്. (ശർഹു മുസ്‌ലിം / നവവി: 4/49)

## 5. നജസായ വസ്തുക്കൾ കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടെങ്കിൽ അവ അതിന് ഉപയോഗിക്കാമോ?

നജസായ വസ്തുക്കൾ ഭക്ഷണമോ പാനീയമോ വസ്ത്രമോ ആയി ഉപയോഗിക്കാൻ പാടില്ല. അതിൽ പുറമെയുള്ള കാര്യങ്ങളിൽ നജസായ വസ്തു കൊണ്ട് പ്രയോജനമുണ്ടെങ്കിൽ അവ ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ ഇവ ഉപയോഗപ്പെടുത്തുമ്പോൾ നജസ് വസ്ത്രത്തിലേക്കോ ശരീരത്തിലേക്കോ നിസ്കരിക്കുന്ന സ്ഥലങ്ങളിലേക്കോ പരക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ശാഫിഈ മദ്ഹബിലെ അഭിപ്രായം ഇപ്രകാരമാണ്. മാലികീ മദ്ഹബിലെ വ്യത്യസ്ത അഭിപ്രായങ്ങളിലൊന്നും, ഇമാം അഹ്മദിന്റെ വ്യത്യസ്ത രിവായതുകളിലൊന്നിലെ സൂചനയും ഈ അഭിപ്രായത്തിലേക്ക് ചാഞ്ഞു കൊണ്ടാണ്. സലഫുകളിൽ ചിലർക്ക് ഈ അഭിപ്രായം ഉള്ളതായി ഇമാം നവവി -ﷺ- രേഖപ്പെടുത്തിയിട്ടുണ്ട്. ഇമാം ത്വബരി, ഇബ്നു തൈമിയ്യഃ, ഇബ്നു ഉഥൈമീൻ തുടങ്ങിയവർ സ്വീകരിച്ച അഭിപ്രായവും ഇത് തന്നെയാണ്.

عَنْ جَابِرِ بْنِ عَبْدِ اللهِ رَضِيَ اللهُ عَنْهُمَا، أَنَّهُ: سَمِعَ رَسُولَ اللهِ -ﷺ- يَقُولُ عَامَ الفَتْحِ وَهُوَ بِمَكَّةَ: «**إِنَّ اللهَ وَرَسُولَهُ حَرَّمَ بَيْعَ الخَمْرِ، وَالمَيْتَةِ وَالخِنْزِيرِ وَالأَصْنَامِ**»،

فَقِيلَ: يَا رَسُولَ اللهِ، أَرَأَيْتَ شُحُومَ المَيْتَةِ، فَإِنَّهَا يُطْلَى بِهَا السُّفُنُ، وَيُدْهَنُ بِهَا الجُلُودُ، وَيَسْتَصْبِحُ بِهَا النَّاسُ؟ فَقَالَ: «**لَا، هُوَ حَرَامٌ**»

ജാബിർ -ﷺ- നിവേദനം: നബി -ﷺ- മക്കാ വിജയത്തിന്റെ വർഷം, മക്കയിലായിരിക്കെ ഇപ്രകാരം പറയുന്നത് അദ്ദേഹം കേട്ടു: “മദ്യം, ശവം, പന്നി, വിഗ്രഹം എന്നിവ വിൽക്കുന്നത് അല്ലാഹുവും അവന്റെ റസൂലും -ﷺ- ഹറാം (നിഷിദ്ധം) ആക്കിയിരിക്കുന്നു.”

സ്വഹാബികളിൽ ചിലർ ചോദിച്ചു: “അല്ലാഹുവിന്റെ റസൂലേ! ശവത്തിന്റെ നെയ്യിനെ കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ്? വഞ്ചികളുടെ മുകളിൽ ചായമടിക്കാനും [1], (മൃഗങ്ങളുടെ) തൊലികൾ എണ്ണപുരട്ടാനും [2], വിളക്കുകൾ കത്തിക്കാനും ജനങ്ങൾ അവ ഉപയോഗപ്പെടുത്തുന്നുണ്ട്.” നബി -ﷺ- പറഞ്ഞു: “ഇല്ല. അത് നിഷിദ്ധമാണ്.” (ബുഖാരി: 2236, മുസ്‌ലിം: 1581)

നജസായ വസ്തുക്കൾ വിൽക്കുന്നത് നബി -ﷺ- നിരോധിച്ചപ്പോൾ സ്വഹാബികൾ മൃഗങ്ങളുടെ ശവത്തിൽ നിന്ന് ലഭിക്കുന്ന നെയ്യിന്റെ വിധി പ്രത്യേകമായി നബി -ﷺ- യോട് ചോദിച്ചറിഞ്ഞു. കാരണം ചത്ത മൃഗങ്ങളുടെ ശവത്തിൽ നിന്ന് ലഭിക്കുന്ന നെയ്യ് ഹദീഥിൽ പറയപ്പെട്ട രൂപത്തിൽ ചില കാര്യങ്ങൾക്ക് വേണ്ടി അവർ ഉപയോഗപ്പെടുത്താറുണ്ടായിരുന്നു. ഇത്തരം ഉപയോഗങ്ങൾ ഉള്ളതിനാൽ ശവത്തിന്റെ നെയ്യ് വിൽക്കാനും വാങ്ങാനും കഴിയുമോ എന്നാണ് സ്വഹാബികൾ ചോദിച്ചത്.

ഹദീഥിൽ നബി -ﷺ- നൽകിയ മറുപടിയുടെ -‘ഇല്ല. അത് നിഷിദ്ധമാണ്’ എന്ന അവിടുത്തെ വാക്കിന്റെ- ഉദ്ദേശം എന്താണെന്നതിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ശവത്തിന്റെ നെയ്യ് കൊണ്ട് ചില പ്രയോജനങ്ങൾ ഉണ്ടെങ്കിലും നജസായ വസ്തുക്കൾ വിൽക്കാനും വാങ്ങാനും പാടില്ല എന്ന വിധിയിൽ മാറ്റമില്ല എന്നതാണ് പ്രസ്തുത മറുപടിയുടെ ഉദ്ദേശം എന്നാണ് ഒരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം.

---

1 വഞ്ചികളുടെ മുകളിൽ മൃഗങ്ങളുടെ ശവങ്ങളിൽ നിന്ന് ലഭിക്കുന്ന നെയ്യ് അവർ പുരട്ടാറുണ്ടായിരുന്നു. കടൽക്കാറ്റ് മൂലം വഞ്ചിയുടെ തടി കേടാകാതിരിക്കാനായിരിക്കാം ഈ രീതി സ്വീകരിച്ചിരുന്നത്. [കൗകബുൽ വഹ്ഹാജ്: 17/277.]

2 മൃഗങ്ങളുടെ തൊലികൾ സഞ്ചികളും പാത്രങ്ങളും മറ്റും നിർമ്മിക്കാൻ ഉപയോഗപ്പെടുത്താറുണ്ടായിരുന്നു. ഈ തൊലികൾ ഉറപ്പുള്ളതാക്കാനായിരിക്കാം അവയുടെ മേൽ നെയ്യ് പുരട്ടുന്നത്. [കൗകബുൽ വഹ്ഹാജ്: 17/277]

ഏറ്റവും ചുരുങ്ങിയത് ഈ ഹദീഥ് രണ്ട് അർത്ഥ സാധ്യതകൾ ഉൾക്കൊള്ളുന്നതിനാൽ -സംശയത്തിന്റെ അടിസ്ഥാനത്തിൽ- ഒരു കാര്യം നിഷിദ്ധമാക്കാൻ കഴിയില്ലെന്നും ഇബ്നുൽ ഖയ്യിം -ﷺ- അഭിപ്രായപ്പെട്ടിട്ടുണ്ട്. [സാദുൽ മആദ്: 5/750-751] ഈ വിഷയത്തിൽ നാം മേലെ പറഞ്ഞ അഭിപ്രായം ശരിയാണെന്നതിലേക്ക് സൂചന നൽകുന്ന മറ്റൊരു ഹദീഥ് കൂടിയുണ്ട്.

عَنِ ابْنِ عَبَّاسٍ، قَالَ: تُصُدِّقَ عَلَى مَوْلَاةٍ لِمَيْمُونَةَ بِشَاةٍ فَمَاتَتْ فَمَرَّ بِهَا رَسُولُ اللَّهِ -ﷺ-، فَقَالَ: «**هَلَّا أَخَذْتُمْ إِهَابَهَا فَدَبَغْتُمُوهُ فَانْتَفَعْتُمْ بِهِ؟**» فَقَالُوا: إِنَّهَا مَيْتَةٌ فَقَالَ: «**إِنَّمَا حَرُمَ أَكْلُهَا**»

അബ്ദുല്ലാഹി ബ്നു അബ്ബാസ് -ﷺ- നിവേദനം: മയ്മൂനയുടെ അടിമസ്ത്രീകളിൽ പെട്ട ഒരുവൾക്ക് ഒരു ആടിനെ ദാനമായി ലഭിച്ചു. അങ്ങനെ അത് ചത്തു പോയി.

അതിന്റെ അടുത്തു കൂടെ നടന്നു പോയപ്പോൾ നബി -ﷺ- ചോദിച്ചു: "നിങ്ങൾക്ക് അതിന്റെ തൊലി എടുക്കുകയും, അത് ഊറക്കിടുകയും, ശേഷം അത് പ്രയോജനകരമാക്കുകയും ചെയ്തു കൂടേ?" അപ്പോൾ അവർ പറഞ്ഞു: "അത് ശവമാണ്." നബി -ﷺ- പറഞ്ഞു: "അതിനെ ഭക്ഷിക്കുന്നത് മാത്രമാണ് നിഷിദ്ധമായിട്ടുള്ളത്." (ബുഖാരി: 1492, മുസ്‌ലിം: 363)

ഈ ഹദീഥിൽ ചത്തു പോയ ആടിന്റെ തൊലി -ഊറക്കിട്ട ശേഷം- ഉപയോഗപ്പെടുത്തി കൂടേ എന്ന് നബി -ﷺ- ചോദിക്കുന്നു. നജസായ വസ്തുവാണെങ്കിലും അവ പ്രയോജനകരമായ കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്താം എന്ന് ഈ ഹദീഥിലും സൂചനയുണ്ട്. വല്ലാഹു അഅ്ലം.

## 6. മുലകുടി പ്രായത്തിലുള്ള കുട്ടികളുടെ മൂത്രം ശുദ്ധീകരിക്കേണ്ടത് എങ്ങനെയാണ്?

ചോദ്യത്തിനുള്ള ഉത്തരത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് ആമുഖമായി പറയട്ടെ. മനുഷ്യരുടെ മലവും മൂത്രവും നജസാണ് എന്നതാണ് അടിസ്ഥാനം. ഇക്കാര്യത്തിൽ ഇജ്മാഉണ്ട് എന്ന് അനേകം പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

ചെറിയ കുട്ടികളുടെ -ആൺകുട്ടികളായാലും പെൺകുട്ടികളായാലും, അവരുടെ- മലം നജസാണ് എന്നതിലും അഭിപ്രായവ്യത്യാസ

മില്ല. ഇതു പോലെ തന്നെ, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും മൂത്രവും നജസ് തന്നെയാണ്. ഭക്ഷണം കഴിച്ചു തുടങ്ങിയ കുട്ടികളുടെ കാര്യത്തിലും, മുലപ്പാൽ മാത്രം കുടിക്കുന്ന കുട്ടികളുടെ കാര്യത്തിലും ഈ നിയമം ബാധകം തന്നെ.

നാല് മദ്ഹബുകളും ഇക്കാര്യത്തിൽ -പൊതുവെ- യോജിച്ചിരിക്കുന്നു. ഈ വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ ഇജ്മാഉണ്ട് എന്നും ചിലർ രേഖപ്പെടുത്തിയതായി കാണാം.

ആൺകുട്ടികളുടെ മൂത്രം ശുദ്ധീകരിക്കുന്നതിൽ ചില ഇളവുകൾ നൽകപ്പെട്ടിട്ടുണ്ട് എന്നതിനാൽ ചിലരെങ്കിലും കുട്ടികളുടെ മൂത്രം നജസല്ല എന്ന് തെറ്റിദ്ധരിക്കാൻ സാധ്യതയുണ്ട് എന്നതിനാലാണ് ഇത്രയും ആമുഖം പറഞ്ഞത്.

ഇനി ചോദ്യത്തിലേക്ക് പ്രവേശിക്കാം.

മുലകുടി പ്രായത്തിലുള്ള കുട്ടികളുടെ മൂത്രം സാധാരണ മൂത്രം വൃത്തിയാക്കുന്നത് പോലെ തന്നെ കഴുകി വൃത്തിയാക്കേണ്ടതുണ്ട്. എന്നാൽ ഭക്ഷണം കഴിച്ചു തുടങ്ങിയിട്ടില്ലാത്ത, ആൺകുട്ടികളുടെ മൂത്രം വൃത്തിയാക്കുന്നതിൽ ചില ഇളവുകൾ നൽകപ്പെട്ടിട്ടുണ്ട്.

അവരുടെ മൂത്രം ആയ ഭാഗത്ത് വെള്ളം കുടയുകയും, ഒഴിച്ചു കൊടുക്കുകയും മാത്രം ചെയ്താൽ മതിയാകും. ശാഫിഈ ഹമ്പലീ മദ്ഹബുകളുടെ അഭിപ്രായം ഇപ്രകാരമാണ്. ഇബ്നു ദഖീഖ് അൽ ഈദ്, ശൗകാനീ, ഇബ്നു ബാസ്, ഇബ്നു ഉഥൈമീൻ തുടങ്ങിയവർ ഈ അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളത്.

ഇബ്നു ഉഥൈമീൻ -ﷺ- പറഞ്ഞു: "ഭക്ഷണം കഴിച്ചു തുടങ്ങിയിട്ടില്ലാത്ത, മുലപ്പാൽ മാത്രം പോഷകമായി കഴിക്കുന്ന ആൺകുട്ടിയുടെ മൂത്രം നേർത്ത നജസാണ്. അതിന് മേൽ -മൂത്രം മൂടുന്ന തരത്തിൽ- വെള്ളം ഒഴിക്കുക മാത്രം ചെയ്താൽ മതിയാകും; ഉരച്ചു കഴുകുക ആവശ്യമില്ല."

മേൽ പറഞ്ഞതിൽ നിന്ന് വ്യക്തമായതു പോലെ -രണ്ട് പ്രധാനപ്പെട്ട നിബന്ധനകൾ- ഈ ഇളവ് ലഭിക്കാൻ പൂർത്തീകരിക്കേണ്ടതുണ്ട്.

ഒന്ന്: ആൺകുട്ടിയായിരിക്കണം.

രണ്ട്: ഭക്ഷണം കഴിച്ചു തുടങ്ങിയിട്ടില്ലാത്ത, മുലകുടി പ്രായത്തിലുള്ള കുട്ടിയായിരിക്കണം.

ഈ പറഞ്ഞ ഇളവ് നബി -ﷺ- യുടെ വ്യത്യസ്തങ്ങളായ ഹദീഥുകളിൽ നിന്ന് മനസ്സിലാകുന്നതാണ്.

عَنْ أُمِّ قَيْسٍ بِنْتِ مِحْصَنٍ، أَنَّهَا أَتَتْ بِابْنٍ لَهَا صَغِيرٍ، لَمْ يَأْكُلِ الطَّعَامَ، إِلَى رَسُولِ اللهِ -ﷺ-، فَأَجْلَسَهُ رَسُولُ اللهِ -ﷺ- فِي حَجْرِهِ، فَبَالَ عَلَى ثَوْبِهِ، فَدَعَا بِمَاءٍ، فَنَضَحَهُ وَلَمْ يَغْسِلْهُ.

ഉമ്മു ഖയ്സ് ബിൻത് മിഹ്സ്വൻ -رضي الله عنها- നിവേദനം: അവർ -ഭക്ഷണം കഴിച്ചു തുടങ്ങിയിട്ടില്ലാത്ത- തൻ്റെ ചെറിയ ആൺകുട്ടിയുമായി നബി -ﷺ- യുടെ അരികിൽ ചെന്നു. ആ കുട്ടിയെ നബി -ﷺ- തൻ്റെ മടിയിലിരുത്തി. അപ്പോൾ അവിടുത്തെ വസ്ത്രത്തിൽ കുട്ടി മൂത്രമൊഴിച്ചു. നബി -ﷺ- കുറച്ചു വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെടുകയും, തൻ്റെ മേൽ ആ വെള്ളം തളിക്കുകയും ചെയ്തു. അവിടുന്ന് അത് കഴുകിയില്ല." (ബുഖാരി: 223, മുസ്ലിം: 287)

عَنْ عَلِيِّ بْنِ أَبِي طَالِبٍ أَنَّ رَسُولَ اللهِ -ﷺ- قَالَ فِي بَوْلِ الغُلَامِ الرَّضِيعِ: «**يُنْضَحُ بَوْلُ الغُلَامِ، وَيُغْسَلُ بَوْلُ الجَارِيَةِ**»

അലി ബ്നു അബീ ത്വാലിബ് -رضي الله عنه- നിവേദനം: മുലകുടി പ്രായത്തിലുള്ള കുട്ടികളെ കുറിച്ച് നബി -ﷺ- പറഞ്ഞു: "ആൺകുട്ടിയുടെ മൂത്രം വെള്ളം തളിക്കുകയും, പെൺകുട്ടിയുടെ മൂത്രം കഴുകുകയുമാണ് വേണ്ടത്." (അബൂ ദാവൂദ്: 378, തിർമിദി: 610, ഇബ്നു മാജ: 525, അഹ്മദ്: 757, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി)

കുട്ടികളെ പൊതുവെ എപ്പോഴും എടുത്ത് മടിയിൽ വെക്കുകയും കൊണ്ടു നടക്കുകയും ചെയ്യുന്നതാണ്. പെൺകുട്ടികളെ അപേക്ഷിച്ച്, ആൺകുട്ടിയുടെ മൂത്രം കുറച്ചു കൂടി നേർമയുള്ളതായതിനാൽ വളരെ പെട്ടെന്ന് വസ്ത്രത്തിൽ പരക്കുന്നതാണ്. അതിനാൽ അത് കഴുകുന്നത് കൂടുതൽ പ്രയാസകരമാണ്.

-ഇസ്ലാമിലെ പൊതുഅടിസ്ഥാന പ്രകാരം- പ്രയാസം വർദ്ധിക്കുമ്പോൾ ദീനിൻ്റെ ഇളവുകളിൽ വിശാലത വരുന്നതാണ്. അതേ കാര്യം ഇവിടെയും കാണാൻ സാധിക്കുന്നതാണ്. (ഇഅ്ലാമുൽ മുവഖിഈൻ / ഇബ്നുൽ ഖയ്യിം: 2/45, തുഹ്ഫതുൽ മൗറൂദ് / ഇബ്നുൽ ഖയ്യിം: 216)

## 7. ഭക്ഷ്യയോഗ്യമല്ലാത്ത മൃഗങ്ങളായ നായ, കാക്ക പോലുള്ള വയുടെ കാഷ്ഠം നജസാണോ?

ഭക്ഷ്യയോഗ്യമല്ലാത്ത മൃഗങ്ങളുടെയും പക്ഷികളുടെയും കാഷ്ഠം നജിസാണ്. നായ, പന്നി, കടുവ, സിംഹം പോലുള്ള ഭക്ഷ്യയോഗ്യമല്ലാത്ത മൃഗങ്ങളുടെ മൂത്രവും കാഷ്ഠവും നജിസാണ്. കാക്ക, പരുന്ത് പോലുള്ള ഭക്ഷ്യയോഗ്യമല്ലാത്ത പക്ഷികളുടെ കാഷ്ഠവും നജിസാണ്. നാല് മദ്ഹബുകളും പൊതുവെ യോജിച്ച അഭിപ്രായമാണിത്. ചില പണ്ഡിതന്മാർ ഈ അഭിപ്രായം ഇജ്മാഉള്ളതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

عَنْ عَبْدِ اللهِ بْنِ مَسْعُودٍ قَالَ: أَتَى النَّبِيُّ -ﷺ- الغَائِطَ فَأَمَرَنِي أَنْ آتِيَهُ بِثَلَاثَةِ أَحْجَارٍ، فَوَجَدْتُ حَجَرَيْنِ، وَالتَمَسْتُ الثَّالِثَ فَلَمْ أَجِدْهُ، فَأَخَذْتُ رَوْثَةً فَأَتَيْتُهُ بِهَا، فَأَخَذَ الحَجَرَيْنِ وَأَلْقَى الرَّوْثَةَ، وَقَالَ: «**هَذَا رِكْسٌ**»

അബ്ദുല്ലാഹി ബ്നു മസ്ഊദ് -ؓ- നിവേദനം: ഒരിക്കൽ നബി -ﷺ- വിസർജന സ്ഥലത്തേക്ക് പോകുമ്പോൾ മൂന്ന് കല്ലുകൾ അവിടുത്തേക്ക് കൊണ്ടു നൽകാൻ എന്നോട് കൽപ്പിച്ചു. എനിക്ക് രണ്ട് കല്ല് കണ്ടെത്താൻ കഴിഞ്ഞു. മൂന്നാമതൊരു കല്ല് ലഭിക്കാതെ വന്നപ്പോൾ ഞാൻ ഒരു കാഷ്ഠമെടുത്തു. അതുമായി നബി -ﷺ- യുടെ അടുത്ത് ചെന്നപ്പോൾ അവിടുന്ന് രണ്ട് കല്ലുകൾ സ്വീകരിച്ചെങ്കിലും കാഷ്ഠം വലിച്ചെറിഞ്ഞു. അവിടുന്ന് പറഞ്ഞു: "ഇത് നജസാണ് (മാലിന്യമാണ്)." (ബുഖാരി: 156)

ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നതായി ബുദ്ധിപരമായ ന്യായവും ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. ഇത്തരം മൃഗങ്ങൾ കഴിക്കുന്ന ഭക്ഷണത്തിൽ മോശവും വൃത്തിയില്ലാത്തതും ഉണ്ടെന്നതു കൊണ്ട് കൂടിയാണ് അവ ഭക്ഷ്യയോഗ്യമല്ലാതായത്. അവ കഴിക്കുന്ന ഭക്ഷണം മോശമാണെന്നതിനാൽ അവയുടെ വിസർജ്യവും മോശമായിരിക്കുന്നതാണ്.

## 8. ഭക്ഷ്യയോഗ്യമായ പശു, ആട്, കോഴി പോലുള്ളവയുടെ മലമൂത്ര വിസർജ്യങ്ങൾ നജസാണോ?

ഭക്ഷ്യയോഗ്യങ്ങളായ മൃഗങ്ങളുടെയും പക്ഷികളുടെയും മലമൂത്ര വിസർജ്യങ്ങൾ നജസല്ല. മാലികീ ഹമ്പലീ മദ്ഹബുകളുടെ അഭിപ്രായം ഇപ്രകാരമാണ്. ഇമാം ശൗകാനീ -ؒ-, ഇബ്നു ബാസ് -ؒ-, ഇബ്നു

ഉഥൈമീൻ -ﷺ- തുടങ്ങിയവർ ഈ അഭിപ്രായമാണ് തിരഞ്ഞെടുത്തിട്ടുള്ളത്.

عَنْ أَنَسِ بْنِ مَالِكٍ، قَالَ: قَدِمَ أُنَاسٌ مِنْ عُكْلٍ أَوْ عُرَيْنَةَ، فَاجْتَوَوْا المَدِينَةَ فَأَمَرَهُمُ النَّبِيُّ -ﷺ-، بِلِقَاحٍ، وَأَنْ يَشْرَبُوا مِنْ أَبْوَالِهَا وَأَلْبَانِهَا.

അനസ് ബ്നു മാലിക് -ﷺ- നിവേദനം: ഉക്ലിൽ നിന്നോ ഉറൈനയിൽ നിന്നോ ആയി കുറച്ചു പേർ (മദീനയിലേക്ക്) വന്നു. മദീനയിലെ താമസം കാരണത്താൽ അവർക്ക് വയറിന് രോഗം ബാധിച്ചു. അപ്പോൾ നബി -ﷺ- പാൽ കറവക്കുള്ള ഒട്ടകങ്ങളുടെ പാലും മൂത്രവും കുടിക്കാൻ അവരോട് കൽപ്പിച്ചു." (ബുഖാരി: 233, മുസ്ലിം: 1671)

ഒട്ടകത്തിന്റെ മൂത്രം രോഗചികിത്സയുടെ ഭാഗമായി കുടിക്കാനാണ് നബി -ﷺ- ഈ ഹദീഥിലൂടെ കൽപ്പിക്കുന്നത്. അവയുടെ മൂത്രം നജിസായിരുന്നെങ്കിൽ നബി -ﷺ- അപ്രകാരം കൽപ്പിക്കില്ലായിരുന്നു. ഇതൊരു അനിവാര്യ സാഹചര്യത്തിൽ നൽകിയ നിർദേശമായിരുന്നു എന്ന് ചിലർ വ്യാഖ്യാനിക്കാറുണ്ടെങ്കിലും അത്തരമൊരു അനിവാര്യത ദ്യോതിപ്പിക്കുന്ന ഒന്നും തന്നെ ഹദീഥുകളിലില്ല.

ഒട്ടകത്തിന്റെ മൂത്രം കുടിച്ചതിന് ശേഷം അവരുടെ മുഖവും വായയും കൈയ്യും പാത്രവുമെല്ലാം കഴുകണമെന്നോ മറ്റോ നബി -ﷺ- കൽപ്പിച്ചതായി ഹദീഥുകളിലെവിടെയും കാണുന്നില്ല. അതിനാൽ ഈ ഹദീഥ് ഒട്ടകത്തിന്റെയും -സമാനരൂപത്തിൽ ഭക്ഷ്യയോഗ്യമായ മൃഗങ്ങളുടെയും- മൂത്രം നജസല്ല എന്ന് ബോധ്യപ്പെടുത്തുന്നു. (മജ്മൂഉൽ ഫതാവാ: 21/559)

ഇതല്ലാതെയും മറ്റു ചില തെളിവുകൾ ഈ വിഷയസംബന്ധമായി പറയപ്പെട്ടിട്ടുണ്ട്. ആടുകളുടെ തൊഴുത്തിൽ നിസ്കരിക്കാൻ അനുവാദം നൽകിയ ഹദീഥ്. (മുസ്ലിം: 360) അതിലൊന്നാണ്. ആടുകളുടെ മലവും മൂത്രവും നിർബന്ധമായും അത്തരം തൊഴുത്തുകളിൽ ഉണ്ടായിരിക്കുമെന്നിരിക്കെ അവിടെ നിസ്കരിക്കാൻ അനുവാദം നൽകിയതിൽ നിന്ന് അവയുടെ മലമൂത്ര വിസർജ്യങ്ങൾ നജസല്ലെന്ന് മനസ്സിലാക്കാം. നിസ്കരിക്കുന്ന സ്ഥലം നജസിൽ നിന്ന് ശുദ്ധീകരിക്കുക എന്നത് നിസ്കാരം ശരിയാകാനുള്ള നിബന്ധനകളിൽ പെട്ടതാണെന്നത് കൂടെ ചേർത്തു വായിക്കുമ്പോൾ അക്കാര്യം ബോധ്യപ്പെടുന്നതാണ്.

ഹജ്ജതുൽ വദാഇൽ നബി -ﷺ- ഒരു ഒട്ടകപ്പുറത്തിരുന്നാണ്

കഅ്ബ ത്വവാഫ് ചെയ്തത് എന്നറിയിക്കുന്ന ഹദീഥും വിഷയത്തിലെ തെളിവുകളിലൊന്നാണ്. (ബുഖാരി: 1607, മുസ്‌ലിം: 1272) ഒട്ടകത്തെ മസ്ജിദിൽ പ്രവേശിപ്പിക്കുകയും, അതിന് മുകളിലിരുന്ന് ത്വവാഫ് നടത്തുകയും ചെയ്യുന്ന വേളയിൽ അവയുടെ മലവും മൂത്രവും മസ്ജിദിൽ ആകുമെന്നതിൽ സംശയമില്ല. എന്നിട്ടും നബി -ﷺ- അവയെ മസ്ജിദിൽ പ്രവേശിപ്പിച്ചുവെങ്കിൽ അവയുടെ മലമൂത്ര വിസർജ്യങ്ങൾ നജസല്ല എന്നാണല്ലോ മനസ്സിലാക്കേണ്ടത്?

ഈ വിഷയത്തിൽ മുൻഗാമികൾക്കിടയിൽ ഇജ്മാഅ് ഉണ്ടെന്നും ചില പണ്ഡിതന്മാർ രേഖപ്പെടുത്തിയതായി കാണാം.

ഇബ്നു തൈമിയ്യഃ -رحمه الله- പറയുന്നു: "(ഭക്ഷ്യയോഗ്യമായ പക്ഷിമൃഗാധികളുടെ മലമൂത്ര വിസർജ്യങ്ങൾ) നജസാണെന്ന അഭിപ്രായം മുൻഗാമികളിൽ നിന്ന് അറിയപ്പെട്ടിട്ടില്ല എന്ന് ഇബ്നുൽ മുൻദിറും മറ്റും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് നാം പറയുകയുണ്ടായി. ഇവ നജസല്ലെന്നതിലുള്ള ഇജ്മാആണ് അതിലൂടെ മനസ്സിലാക്കാൻ കഴിയുക എന്നതിൽ സംശയമില്ല." (മജ്മൂഉ ഫതാവാ: 21/580)

അദ്ദേഹം തന്നെ പറഞ്ഞു: "ഭക്ഷ്യയോഗ്യമായവയുടെ മൂത്രം കുഴപ്പമുള്ളതല്ല' എന്ന് ജാബിർ -رضي الله عنه- വിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു സ്വഹാബിയുടെ വാക്കാണിത്. സമാനമായ അഭിപ്രായങ്ങൾ അബൂമൂസൽ അശ്അരിയെ പോലുള്ള മറ്റു സ്വഹാബികളിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

സ്വഹാബികളുടെ അഭിപ്രായത്തിനാണ് അവർക്ക് ശേഷം വന്ന മറ്റുള്ളവരുടെ അഭിപ്രായങ്ങളേക്കാൾ മുൻഗണന നൽകപ്പെടേണ്ടത്. പിൻപറ്റപ്പെടാൻ കൂടുതൽ അർഹമായിട്ടുള്ളതും അത് തന്നെ. ഈ അഭിപ്രായം സ്വഹാബികൾക്കിടയിൽ പ്രചരിച്ചിരുന്നുവെന്നും, അവരിൽ ആരും തന്നെ അതിനെ എതിർക്കുകയുണ്ടായിട്ടില്ലെന്നും കൂടി ബോധ്യപ്പെടുകയാണെങ്കിൽ ഇജ്മാഇന്റെ കൂട്ടത്തിലാണ് അത് പരിഗണിക്കപ്പെടുക." (മജ്മൂഅ്: 21/574)

### 9. മനിയ്യ് (ശുക്ലം) നജസാണോ?

മനിയ്യ് നജസല്ല. ശാഫിഈ ഹമ്പലീ മദ്ഹബുകളുടെ അഭിപ്രായം ഇപ്രകാരമാണ്. മുൻഗാമികളായ സലഫുകളിൽ പെട്ട അനേകം പേർ ഈ അഭിപ്രായക്കാരാണ്. ഇബ്നുൽ മുൻദിർ, ഇബ്നു ഹസ്മ്, ഇബ്നു തൈമിയ്യ, ഇബ്നു ബാസ്, ഇബ്നു ഉഥൈമീൻ തുടങ്ങി

അനേകം പണ്ഡിതന്മാർ ഈ അഭിപ്രായമാണ് ശരിയായി സ്വീകരിച്ചിട്ടുള്ളത്.

عَنْ عَبْدِ اللهِ بْنِ شِهَابٍ الْخَوْلَانِيِّ قَالَ: كُنْتُ نَازِلًا عَلَى عَائِشَةَ فَاحْتَلَمْتُ فِي ثَوْبَيَّ فَغَمَسْتُهُمَا فِي الْمَاءِ، فَرَأَتْنِي جَارِيَةٌ لِعَائِشَةَ فَأَخْبَرَتْهَا فَبَعَثَتْ إِلَيَّ عَائِشَةُ فَقَالَتْ: مَا حَمَلَكَ عَلَى مَا صَنَعْتَ بِثَوْبَيْكَ؟ قَالَ قُلْتُ: رَأَيْتُ مَا يَرَى النَّائِمُ فِي مَنَامِهِ، قَالَتْ: هَلْ رَأَيْتَ فِيهِمَا شَيْئًا؟ قُلْتُ: لَا، قَالَتْ: فَلَوْ رَأَيْتَ شَيْئًا غَسَلْتَهُ؟ لَقَدْ رَأَيْتُنِي وَإِنِّي لَأَحُكُّهُ مِنْ ثَوْبِ رَسُولِ اللهِ -ﷺ- يَابِسًا بِظُفُرِي.

അബ്ദുല്ലാഹി ബ്നു ശിഹാബ് അൽ ഖവ്‌ലാനീ -رحمه الله- നിവേദനം: ഞാൻ ആഇശ -رضي الله عنها- യുടെ അതിഥിയായിരുന്ന വേളയിൽ എനിക്ക് ഉറക്കത്തിൽ -എന്റെ വസ്ത്രത്തിൽ- സ്വപ്നസ്ഖലനം സംഭവിച്ചു. അങ്ങനെ എന്റെ വസ്ത്രങ്ങൾ ഞാൻ വെള്ളത്തിൽ മുക്കിവെച്ചു. ആഇശ -رضي الله عنها- യുടെ കീഴിലുണ്ടായിരുന്ന അടിമസ്ത്രീ ഇത് കണ്ടപ്പോൾ അവരെ ഇക്കാര്യം അറിയിച്ചു.

'എന്തിനാണ് നിന്റെ വസ്ത്രം നീ ഇപ്രകാരം ചെയ്തിരിക്കുന്നത് എന്ന് ചോദിച്ചു കൊണ്ട് ഒരാളെ ആഇശ -رضي الله عنها- എന്റെയരികിലേക്ക് അയച്ചു. ഞാൻ പറഞ്ഞു: "ഉറക്കത്തിൽ ഒരാൾക്ക് സംഭവിക്കാവുന്നത് എനിക്കും സംഭവിച്ചു."

അവർ ചോദിച്ചു: "വസ്ത്രങ്ങളിൽ വല്ലതും -അതായത് മനിയ്യ്- നീ കണ്ടുവോ?" ഞാൻ പറഞ്ഞു: "ഇല്ല." അവർ പറഞ്ഞു: "വസ്ത്രത്തിൽ അങ്ങനെ വല്ലതും കണ്ടിരുന്നെങ്കിൽ നീ അത് കഴുകുമായിരുന്നല്ലേ?" (എങ്കിൽ) നബി -ﷺ- യുടെ വസ്ത്രത്തിൽ നിന്ന് എന്റെ നഖം കൊണ്ട് (മനിയ്യിന്റെ) ഉണങ്ങിയ പാട് ഞാൻ ചുരണ്ടിക്കളയാറുണ്ടായിരുന്നു." (മുസ്‌ലിം: 290)

മനിയ്യ് നജസല്ല എന്ന് ഈ ഹദീഥിൽ നിന്ന് വ്യക്തമാകുന്നുണ്ട്. കാരണം അത് നജസായിരുന്നെങ്കിൽ വസ്ത്രം കഴുകുന്നത് ആഇശ -رضي الله عنها- തടയില്ലായിരുന്നു. നബി -ﷺ- യുടെ വസ്ത്രത്തിൽ മനിയ്യിന്റെ അടയാളം കണ്ടപ്പോൾ അവർ അത് ചുരണ്ടിക്കളയുക മാത്രമാണ് ചെയ്തിരുന്നത്; നജസായിരുന്നെങ്കിൽ വെള്ളമൊഴിച്ച് കഴുകുക തന്നെ വേണമായിരുന്നു. (മജ്മൂഉൽ ഫതാവാ: 21/589-590)

عَنِ ابْنِ عَبَّاسٍ أَنَّهُ قَالَ فِي الْمَنِيِّ يُصِيبُ الثَّوْبَ: «أَمِطْهُ عَنْكَ بِعُودٍ، أَوْ إِذْخِرَةٍ،

وَإِنَّمَا هُوَ بِمَنْزِلَةِ الْبُصَاقِ، أَوْ الْمُخَاطِ»

ഇബ്നു അബ്ബാസ് -ﷺ- മനിയ്യിനെ കുറിച്ച് പറഞ്ഞതും ഈ വിഷയത്തിലെ തെളിവാണ്. അദ്ദേഹം പറഞ്ഞു: "അത് നിന്റെ മേൽ നിന്ന് തുടച്ചു നീക്കുക. അത് ഉമിനീരിന്റെയും കഫത്തിന്റെയും പോലെയാണ്." (അൽ ഉമ്മ്/ ഇമാം ശാഫിഈ: 1/73, ബയ്ഹഖി: 4345, ഈ അഥറിന്റെ സനദ് സ്വഹീഹാണെന്ന് ഇബ്നു ഹജർ -ﷺ- വിലയിരുത്തിയിട്ടുണ്ട്.)

ഇതോടൊപ്പം മനിയ്യ് ശരീരത്തിലോ വസ്ത്രത്തിലോ ആയാൽ കഴുകിക്കളയണമെന്നുള്ള കൽപ്പന നബി -ﷺ- യിൽ നിന്നോ സ്വഹാബത്തിൽ നിന്നോ സ്ഥിരപ്പെട്ടതായി കാണുന്നില്ല. പൊതുവെ എല്ലാവരെയും ബാധിക്കുന്ന ഒരു വിഷയമായിട്ടും ഇപ്രകാരമൊരു കൽപ്പന വന്നിട്ടില്ല എന്നത് മനിയ്യ് നജസല്ല എന്നതിനുള്ള മറ്റൊരു തെളിവാണ് എന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. (മജ്മൂഉൽ ഫതാവാ: 21/605)

### 10. മദ്യ് (രേതസ്സ്) നജസാണോ?

ലൈംഗികതയെ കുറിച്ച് ചിന്തിക്കുകയോ, ലൈംഗികബന്ധം ഉദ്ദേശിക്കുകയോ ചെയ്യുമ്പോൾ ഗുഹ്യസ്ഥാനത്ത് നിന്ന് പുറപ്പെടുന്ന, പശിമയുള്ള, വെള്ള നിറത്തിലുള്ള ദ്രാവകമാണ് മദ്യ്. മനിയ്യ് (ശുക്ളം) പുറപ്പെടുമ്പോൾ ഉണ്ടാകാറുള്ളതു പോലെ ആസ്വാദനമോ രതിമൂർച്ചയോ മദ്യ് പുറപ്പെടുമ്പോൾ ഉണ്ടായിക്കൊള്ളണമെന്നില്ല.

മനിയ്യ് പുറപ്പെട്ടാൽ ശേഷം ക്ഷീണവും തളർച്ചയും ഉണ്ടാകാറുണ്ടെങ്കിൽ മദ്യ് പുറപ്പെട്ട ശേഷം അതുണ്ടാകുന്നതല്ല. ചിലപ്പോൾ മദ്യ് പുറത്തു പോകുന്നത് അറിഞ്ഞു കൊള്ളണമെന്ന് തന്നെയില്ല. പുരുഷനും സ്ത്രീക്കും മദ്യ് ഉണ്ടാകാമെങ്കിലും സ്ത്രീകളിലാണ് മദ്യ് കൂടുതലായി ഉണ്ടാവുക.

മദ്യ് നജസാണ്. നാല് മദ്ഹബുകളും ഇക്കാര്യത്തിൽ പൊതുവെ യോജിച്ചിരിക്കുന്നു. ഈ വിഷയത്തിൽ ഇജ്മാഉണ്ട് എന്നും ചില പണ്ഡിതന്മാർ രേഖപ്പെടുത്തിയതായി കാണാം.

عَنْ عَلِيٍّ قَالَ: كُنْتُ رَجُلًا مَذَّاءً فَأَمَرْتُ رَجُلًا أَنْ يَسْأَلَ النَّبِيَّ -ﷺ- لِمَكَانِ ابْنَتِهِ، فَسَأَلَ فَقَالَ: «**تَوَضَّأْ وَاغْسِلْ ذَكَرَكَ**»

അലി -ﷺ- പറയുന്നു: ഞാൻ ധാരാളമായി മദ്യ് വന്നിരുന്ന വ്യ

ക്തിയായിരുന്നു. നബി -ﷺ- യുടെ മകളുടെ സ്ഥാനം കാരണത്താൽ അവിടുത്തോട് ഇക്കാര്യത്തെ കുറിച്ച് ചോദിക്കാൻ ഞാനൊരാളെ ഏൽപ്പിച്ചു. അദ്ദേഹം ചോദിച്ചപ്പോൾ നബി -ﷺ- പറഞ്ഞു: "നീ വുദു എടുക്കുകയും, നിന്റെ ലൈംഗികാവയവം കഴുകുകയും ചെയ്യുക." (ബുഖാരി: 269, മുസ്ലിം: 303)

ഈ ഹദീഥിൽ ലൈംഗികാവയവം കഴുകാൻ നബി -ﷺ- കൽപ്പിച്ചിരിക്കുന്നു. മദ്‌യ് പുറത്തു വന്ന ഭാഗവും, അവിടെ നിന്ന് മദ്‌യ് പരന്നിട്ടുള്ള ഭാഗങ്ങളും നിർബന്ധമായും കഴുകണം എന്നും, മദ്‌യ് നജസാണെന്നും ഈ ഹദീഥിൽ നിന്ന് മനസ്സിലാക്കാം.

## 11. മൂത്രമൊഴിച്ച ശേഷം വെള്ള നിറത്തിൽ കാണപ്പെടുന്ന ദ്രാവകം നജിസാണോ?

മൂത്രമൊഴിച്ച ശേഷം -ചിലർക്ക്- വന്നേക്കാവുന്ന, പശിമയുള്ള ഒരുതരം സ്രവമാണ് വദ്‌യ്. ഇത് വെള്ളം കൊണ്ട് കഴുകിയോ, കല്ലു കൊണ്ട് തുടച്ചോ ശുദ്ധീകരിക്കുക എന്നത് നിർബന്ധമാണ്.

കാരണം മൂത്രം പോലെ തന്നെ നജിസായ വസ്തുവാണ് വദ്‌യും. മൂത്രം പുറത്തു വരുന്നിടത്തു കൂടെ, മൂത്രനാളിയിലൂടെ തന്നെയാണ് വദ്‌യും പുറപ്പെടുന്നത്. ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം ഇപ്രകാരമാകുന്നു. മാലികീ, ശാഫിഈ, ഹമ്പലീ മദ്ഹബുകളുടെ അഭിപ്രായവും ഇതു തന്നെ.

## 12. സ്ത്രീകളുടെ ഗുഹ്യസ്ഥാനത്ത് കാണപ്പെടുന്ന നനവ് നജസാണോ?

സ്ത്രീകളുടെ ഗുഹ്യസ്ഥാനത്ത് കാണപ്പെടുന്ന നനവ് -മല മൂത്ര വിസർജനത്തിന്റെ അവിശിഷ്ടമായി ഉള്ളതല്ല എങ്കിൽ- നജസല്ല. വിയർപ്പ് പോലെ പ്രത്യേകിച്ച് നിറമില്ലാത്ത അവസ്ഥയിലോ, വദ്‌യിനോട് സമാനമായ രൂപത്തിൽ വെള്ള നിറത്തിലോ ഈ നനവ് കാണപ്പെടാറുണ്ട്.

ഇത് നജസല്ല എന്ന അഭിപ്രായമാണ് ബഹുഭൂരിപക്ഷം പണ്ഡിതന്മാരും സ്വീകരിച്ചിട്ടുള്ളത്. ഹനഫീ ഹമ്പലീ മദ്ഹബുകളിലെ സ്വീകാര്യമായ അഭിപ്രായവും, ശാഫിഈ മദ്ഹബിലെ പ്രബലമായ വീക്ഷണവും ഇപ്രകാരമാണ്. ആഇശ -رضي الله عنها- യുടെ ഹദീഥ് ഈ വിഷയത്തിലുള്ള തെളിവായി പരിഗണിക്കപ്പെട്ടിട്ടുണ്ട്.

عَنْ عَبْدِ اللهِ بْنِ شِهَابٍ الْخَوْلَانِيِّ قَالَ: كُنْتُ نَازِلًا عَلَى عَائِشَةَ فَاحْتَلَمْتُ فِي ثَوْبَيَّ فَغَمَسْتُهُمَا فِي الْمَاءِ، فَرَأَتْنِي جَارِيَةٌ لِعَائِشَةَ فَأَخْبَرَتْهَا فَبَعَثَتْ إِلَيَّ عَائِشَةُ فَقَالَتْ: مَا حَمَلَكَ عَلَى مَا صَنَعْتَ بِثَوْبَيْكَ؟ قَالَ قُلْتُ: رَأَيْتُ مَا يَرَى النَّائِمُ فِي مَنَامِهِ، قَالَتْ: هَلْ رَأَيْتَ فِيهِمَا شَيْئًا؟ قُلْتُ: لَا، قَالَتْ: فَلَوْ رَأَيْتَ شَيْئًا غَسَلْتَهُ؟ لَقَدْ رَأَيْتُنِي وَإِنِّي لَأَحُكُّهُ مِنْ ثَوْبِ رَسُولِ اللهِ -ﷺ- يَابِسًا بِظُفُرِي.

അബ്ദുല്ലാഹി ബ്നു ശിഹാബ് അൽ ഖവ്‌ലാനീ -ﷺ- നിവേദനം: ഞാൻ ആഇശ -رضي الله عنها- യുടെ അതിഥിയായിരുന്ന വേളയിൽ എനിക്ക് ഉറക്കത്തിൽ -എന്റെ വസ്ത്രത്തിൽ- സ്വപ്നസ്ഖലനം സംഭവിച്ചു. അങ്ങനെ എന്റെ വസ്ത്രങ്ങൾ ഞാൻ വെള്ളത്തിൽ മുക്കിവെച്ചു. ആഇശ -رضي الله عنها- യുടെ കീഴിലുണ്ടായിരുന്ന അടിമസ്ത്രീ ഇത് കണ്ടപ്പോൾ അവരെ ഇക്കാര്യം അറിയിച്ചു.

'എന്തിനാണ് നിന്റെ വസ്ത്രം നീ ഇപ്രകാരം ചെയ്തിരിക്കുന്നത് എന്ന് ചോദിച്ചു കൊണ്ട് ഒരാളെ ആഇശ -رضي الله عنها- എന്റെയരികിലേക്ക് അയച്ചു. ഞാൻ പറഞ്ഞു: "ഉറക്കത്തിൽ ഒരാൾക്ക് സംഭവിക്കാവുന്നത് എനിക്കും സംഭവിച്ചു."

അവർ ചോദിച്ചു: "വസ്ത്രങ്ങളിൽ വല്ലതും -അതായത് മനിയ്യ്- നീ കണ്ടുവോ?" ഞാൻ പറഞ്ഞു: "ഇല്ല." അവർ പറഞ്ഞു: "വസ്ത്രത്തിൽ അങ്ങനെ വല്ലതും കണ്ടിരുന്നെങ്കിൽ നീ അത് കഴുകുമായിരുന്നല്ലേ?" (എങ്കിൽ) നബി -ﷺ- യുടെ വസ്ത്രത്തിൽ നിന്ന് എന്റെ നഖം കൊണ്ട് (മനിയ്യിന്റെ) ഉണങ്ങിയ പാട് ഞാൻ ചുരണ്ടിക്കളയാറുണ്ടായിരുന്നു." (മുസ്‌ലിം: 290)

മേലെ നൽകിയ ഹദീഥിൽ നബി -ﷺ- യുടെ വസ്ത്രത്തിൽ നിന്ന് മനിയ്യിന്റെ (ശുക്ലം) അടയാളം താൻ ഉരച്ചു കളയാറുണ്ടായിരുന്നു എന്നാണ് ആഇശ -رضي الله عنها- അറിയിച്ചത്. മനിയ്യ് ലൈംഗികബന്ധത്തിലൂടെയാണ് പുറപ്പെടുന്നത്.

സ്ത്രീകളുടെ ഗുഹ്യസ്ഥാനത്തുള്ള നനവുമായി മനിയ്യ് കൂടിക്കലരുമെന്നതിൽ സംശയമില്ല. ഈ നനവ് നജസായിരുന്നെങ്കിൽ അതുമായി കൂടിക്കലർന്ന മനിയ്യും നജസാണെന്ന് പറയേണ്ടി വരുമായിരുന്നു. സ്ത്രീകളുടെ ഗുഹ്യസ്ഥാനത്തുള്ള നനവ് നജസല്ലെന്നതിനുള്ള തെളിവുകളിലൊന്നാണിത്.

ഇതോടൊപ്പം സ്ത്രീകളുടെ ഗുഹ്യസ്ഥാനത്തുള്ള നനവ് നജസാ

യിരുന്നെങ്കിൽ അത് നീക്കം ചെയ്തു കൊണ്ടേയിരിക്കുക എന്നത് കടുത്ത പ്രയാസം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. അതിനാൽ -ഇസ്‌ലാമിലെ നിയമങ്ങളിൽ പൊതുവെ കാണപ്പെടുന്ന എളുപ്പത്തിന്റെയും ലഘൂകരണത്തിന്റെയും ഭാഗമായി- ഇത്തരം വിഷയങ്ങളിൽ വിട്ടുവീഴ്ച്ച പ്രതീക്ഷിക്കപ്പെടാവുന്നതാണ്. കാരണം പൊതുവെ മനുഷ്യർക്ക് ഒഴിവാക്കി നിർത്താൻ സാധ്യമല്ലാത്ത കാര്യങ്ങളിൽ ഇസ്‌ലാമിക നിയമങ്ങൾ ഇളവുകൾ നൽകാറുണ്ട്.

## 13. ചർദ്ദിൽ നജസാണോ?

മനുഷ്യരുടെ ചർദ്ദിൽ നജസാണ് എന്നതാണ് ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. കഴിച്ച ഭക്ഷണ പാനീയങ്ങളുടെ രൂപത്തിന് മാറ്റം സംഭവിച്ച നിലയിലാണ് ചർദ്ദിലെങ്കിൽ പ്രത്യേകിച്ചും.

കഴിച്ച ഭക്ഷണം അതു പോലെ ചർദ്ദിക്കുകയാണ് ചെയ്തതെങ്കിലും നജിസാണെന്ന് തന്നെയാണ് വലിയ വിഭാഗം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളത്. നാല് മദ്ഹബുകളുടെയും അഭിപ്രായം ഇപ്രകാരമാണ്. ഇബ്നു തൈമിയ്യഃ, ഇബ്നുൽ ഖയ്യിം, ഇബ്നു ബാസ് തുടങ്ങിയവരും ഈ അഭിപ്രായം ശരിയാണെന്ന് വിലയിരുത്തിയവരാണ്.

ഈ വീക്ഷണം ശരിയാണെന്ന് വിലയിരുത്താനുള്ള കാരണങ്ങൾ പലതുണ്ട്.

1- ചർദ്ദിൽ മലത്തിനോട് സമാനതയുള്ളതാണ്. രണ്ടും ശരീരത്തിനുള്ളിൽ പ്രവേശിച്ച ഭക്ഷണം മാറ്റം വന്നതിന് ശേഷം പുറത്തു വരികയാണ് ചെയ്തിട്ടുള്ളത്.

2- നബി -ﷺ- ചർദ്ദിച്ച ശേഷം വുദുവെടുത്തു എന്നത് സ്ഥിരപ്പെട്ടിരിക്കുന്നു. ഇത് ചർദ്ദിൽ നജസാണെന്നതിലേക്ക് സൂചന നൽകുന്നു.

ലജ്നതുദ്ദാഇമയോട് ഈ വിഷയത്തിൽ ചോദ്യം ഉന്നയിക്കപ്പെട്ടപ്പോൾ അവർ പറഞ്ഞു: "ചർദ്ദിൽ നജിസാണ്. ചെറിയ കുട്ടികളുടേതോ വലിയവരുടേതോ ആകട്ടെ; അത് നജിസാണ്. കാരണം ആമാശയത്തിൽ പ്രവേശിച്ച ശേഷം മാറ്റം സംഭവിച്ച ഭക്ഷണമാണ് ചർദ്ദിൽ.

മലത്തിനോടും രക്തത്തിനോടുമാണ് അതിന് സദൃശ്യതയുള്ളത്. അതിനാൽ വസ്ത്രത്തിലോ മറ്റോ ചർദ്ദിൽ ആയാൽ അത് വെള്ളം കൊണ്ട് ഉരച്ചുതേച്ചു കഴുകുക എന്നത് നിർബന്ധമാണ്." (ഫതാവല്ലജ്ന: 4/193)

സാന്ദർഭികമായി സൂചിപ്പിക്കട്ടെ, ചർദ്ദിൽ നജസല്ല എന്ന് അഭിപ്രായപ്പെട്ട ഒരു വിഭാഗം പണ്ഡിതന്മാരും ഉണ്ട്. മാലികീ മദ്ഹബിലെ ചില പണ്ഡിതന്മാരുടെ ഈ വീക്ഷണം ഇമാം ശൗകാനീ, ശൈഖ് അൽബാനീ, ഇബ്നു ഉഥൈമീൻ തുടങ്ങിയവർ സ്വീകരിച്ച അഭിപ്രായമാണ്.

വ്യാപകമായി ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിലൊന്നായ ചർദ്ദി നജസാണ് എന്ന് ബോധ്യപ്പെടുത്തുന്ന വ്യക്തമായ തെളിവുകളില്ല എന്നതിനാൽ അത് നജസാണെന്ന് ഖണ്ഡിതമായി പറയുക സാധ്യമല്ല എന്നതാണ് ഈ വിഭാഗം പണ്ഡിതന്മാരുടെ വീക്ഷണം. എങ്കിലും സൂക്ഷ്മതയുടെ ഭാഗമായി ചർദ്ദിൽ നജസായി പരിഗണിക്കുകയും, ശരീരത്തിലോ വസ്ത്രത്തിലോ ബാധിച്ചാൽ അത് കഴുകിക്കളയുകയും ചെയ്യുന്നതാണ് നല്ലത് എന്നതിൽ സംശയമില്ല.

### 14. മനുഷ്യരുടെ രക്തം നജസാണോ?

രക്തം പലരൂപത്തിൽ ഉണ്ട്. അവയുടെ വിധികൾ വ്യത്യസ്തവുമാണ്. അതിനാൽ ഓരോ ഇനവും വേർതിരിച്ചു താഴെ വിവരിക്കാം.

**1- ഹയ്ദ്വ്, നിഫാസ് എന്നിവ കാരണത്താലുള്ള രക്തം.**

ഹയ്ദ്വ് എന്നാണ് ആർത്തവത്തിന് പറയുക. ആർത്തവത്തിന്റെ വേളയിൽ ഗുഹ്യസ്ഥാനത്ത് നിന്ന് പുറത്തു വരുന്ന രക്തം നജസാണെന്നതിൽ പണ്ഡിതന്മാർക്ക് ഇജ്മാഉണ്ട് എന്ന് ഇമാം നവവി രേഖപ്പെടുത്തിയതായി ശൗകാനി ഉദ്ധരിച്ചിട്ടുണ്ട്.

ശൗകാനി -ﷺ- പറയുന്നു: "ആർത്തവ രക്തം നജസാണെന്നത് മുസ്‌ലിമീങ്ങളുടെ ഇജ്മാഇനാൽ സ്ഥിരപ്പെട്ടിരിക്കുന്നു. ഇക്കാര്യം ഇമാം നവവി രേഖപ്പെടുത്തിയിട്ടുണ്ട്." (നയ്ലുൽ അവ്ത്വാർ: 1/58)

നിഫാസിന്റെ രക്തം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് പ്രസവവുമായി ബന്ധപ്പെട്ട് പുറത്തു വരുന്ന രക്തമാണ്. ഇതും നജസാണ്; കാരണം ആർത്തവരക്തത്തിന്റെ അതേ വിധികൾ തന്നെയാണ് നിഫാസിന്റെ രക്തത്തിനുമുള്ളത് എന്നതിൽ പണ്ഡിതന്മാർക്ക് ഇജ്മാഉണ്ട്.

**2- ഗുഹ്യസ്ഥാനങ്ങളിൽ നിന്ന് പുറത്തു വരുന്ന രക്തം.**

മൂത്രക്കല്ലോ, മൂലക്കുരുവോ പോലുള്ള രോഗങ്ങളുടെയും മറ്റും കാരണത്താൽ ഗുഹ്യസ്ഥാനങ്ങളിൽ നിന്ന് പുറത്തു വരുന്ന രക്തം ഉദാഹരണം. ഇവ നജസാണ്. കാരണം മലവും മൂത്രവുമായി കലർ

ന്നു കൊണ്ട് -വിസർജ്യം പുറത്തു വരുന്ന വഴിയിലൂടെയാണ്- അവ വന്നിട്ടുള്ളത്.

**3- മേൽ പറഞ്ഞതല്ലാതെ -മുറിവുകളിൽ നിന്നോ മറ്റോ പ്രവഹിക്കുന്ന- രക്തം.**

മുറിവുകളിൽ നിന്നോ, ചെവി, മൂക്ക്, വായ പോലുള്ള അവയവങ്ങളിൽ നിന്നോ രക്തം ഒഴുകുന്നുണ്ടെങ്കിൽ അത് നജസായാണ് പരിഗണിക്കപ്പെടുക. രക്തം ധാരാളമായി വരുന്നുണ്ടെങ്കിൽ അത് കഴുകി വൃത്തിയാക്കുക എന്നത് നിർബന്ധമാണ്.

ഈ രൂപത്തിൽ -പുറത്തേക്കൊഴുകുന്ന- മനുഷ്യ രക്തം നജസാണെന്നതിൽ പണ്ഡിതന്മാർ പൊതുവെ യോജിച്ചിരിക്കുന്നു. അനേകം പണ്ഡിതന്മാർ ഈ വിഷയത്തിൽ ഇജ്മാഉണ്ട് എന്ന് രേഖപ്പെടുത്തിയതായി കാണാം.

അല്ലാഹു പറയുന്നു:

﴿قُل لَّآ أَجِدُ فِي مَآ أُوحِيَ إِلَيَّ مُحَرَّمًا عَلَىٰ طَاعِمٍ يَطْعَمُهُۥٓ إِلَّآ أَن يَكُونَ مَيْتَةً أَوْ دَمًا مَّسْفُوحًا أَوْ لَحْمَ خِنزِيرٍ فَإِنَّهُۥ رِجْسٌ﴾ الأنعام: ١٤٥

"(നബിയേ,) പറയുക: എനിക്ക് ബോധനം നൽകപ്പെട്ടിട്ടുള്ളതിൽ ഒരു ഭക്ഷിക്കുന്നവന്ന് ഭക്ഷിക്കുവാൻ പാടില്ലാത്തതായി യാതൊന്നും ഞാൻ കാണുന്നില്ല; അത് ശവമോ, ഒഴുക്കപ്പെട്ട രക്തമോ, പന്നിമാംസമോ ആണെങ്കിലൊഴികെ. കാരണം അത് മ്ലേച്ഛമത്രെ." (അൻആം: 145)

ഇബ്നു അബ്ദിൽ ബർറ് -ﷺ- പറഞ്ഞു: "എല്ലാ രക്തവും ആർത്തവ രക്തം പോലെ തന്നെയാണ്; (അവയെല്ലാം നജസാണ്). എന്നാൽ വളരെ കുറച്ചു മാത്രം രക്തമേ ഉള്ളൂവെങ്കിൽ അതിൽ വിട്ടുവീഴ്ച്ച നൽകപ്പെട്ടിരിക്കുന്നു.

കാരണം (മേലെ നൽകിയ ആയത്തിൽ വന്നതു പോലെ), രക്തം നജസാകണമെങ്കിൽ അത് ഒഴുക്കപ്പെട്ടതായിരിക്കണം എന്ന് അല്ലാഹു നിബന്ധന വെച്ചിരിക്കുന്നു. (ഒഴുകാൻ മാത്രമുള്ള രക്തമുണ്ടെങ്കിൽ) അത് മ്ലേഛമാണ്. മ്ലേഛമായത് നജസുമാണ്. ഇപ്രകാരം ഒഴുക്കപ്പെട്ട രക്തം നജസാണെന്നതിൽ മുസ്‌ലിമീങ്ങൾക്കിടയിൽ ഇജ്മാഉണ്ട്." (തംഹീദ്: 22/230)

വല്ലാഹു അഅ്ലം.

രക്തം നജസാണോ എന്ന ചോദ്യത്തിനുള്ള മറുപടിയാണ് മേലെ നൽകിയത്. ഇവയിൽ നിസ്കാരത്തിന് തടസ്സമുണ്ടാക്കുന്നത് ഏതെല്ലാമാണെന്നും, അവയിൽ ചിലത് ശുദ്ധീകരിക്കേണ്ട രൂപവും വഴിയെ വിശദീകരിക്കുന്നതാണ്. ഇൻശാ അല്ലാഹ്.

## 15. പന്നിയുടെ രോമം കൊണ്ട് നിർമ്മിച്ച ബ്രഷുകൾ ഉപയോഗിക്കാമോ?

പന്നിയുടെ മുഴുവൻ ശരീര ഭാഗങ്ങളും നജസാണ്. ഈ പറഞ്ഞതിൽ പന്നിയുടെ ഇറച്ചിയും തൊലിയും രോമങ്ങളും എല്ലുകളുമെല്ലാം ഉൾപ്പെടും. പന്നിയുടെ ശരീരത്തിൽ നിന്ന് ഉത്ഭവിക്കുന്ന വിയർപ്പും, അതിന്റെ ഉമിനീരും നജസ് തന്നെ. ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം ഇപ്രകാരമാകുന്നു.

പന്നി -ജീവിച്ചിരിക്കുന്നിടത്തോളം- നജസല്ല എന്ന മാലികീ മദ്ഹബിലെ അഭിപ്രായം ഒഴിച്ചു നിർത്തിയാൽ പൊതുവെ ഈ വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ ഇജ്മാഉള്ളതായി പലരും രേഖപ്പെടുത്തിയിട്ടുണ്ട്.

ഇമാം ഇബ്നു ഹസ്മ് -ﷺ- പറയുന്നു: "പന്നിയുടെ മാംസം, കൊഴുപ്പ്, നെയ്യ്, എല്ല്, തലച്ചോർ, ഞരമ്പുകൾ എന്നിവയെല്ലാം നിഷിദ്ധമാണ് എന്നതിൽ പൊതുവെ പണ്ഡിതന്മാർ യോജിച്ചിരിക്കുന്നു. അവയെല്ലാം നജസുമാണ്." (മറാതിബുൽ ഇജ്മാഅ്: 23)

﴿قُل لَّآ أَجِدُ فِي مَآ أُوحِيَ إِلَيَّ مُحَرَّمًا عَلَىٰ طَاعِمٍ يَطْعَمُهُۥٓ إِلَّآ أَن يَكُونَ مَيْتَةً أَوْ دَمًا مَّسْفُوحًا أَوْ لَحْمَ خِنزِيرٍ فَإِنَّهُۥ رِجْسٌ﴾ الأنعام: ١٤٥

"(നബിയേ,) പറയുക: എനിക്ക് ബോധനം നൽകപ്പെട്ടിട്ടുള്ളതിൽ ഒരു ഭക്ഷിക്കുന്നവന്ന് ഭക്ഷിക്കുവാൻ പാടില്ലാത്തതായി യാതൊന്നും ഞാൻ കാണുന്നില്ല; അത് ശവമോ, ഒഴുക്കപ്പെട്ട രക്തമോ, പന്നിമാംസമോ ആണെങ്കിലൊഴികെ. കാരണം അത് മ്ലേച്ഛമത്രെ." (അൻആം: 145)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ശൈഖ് നാസ്വിർ അസ്സഅ്ദി -ﷺ- പറയുന്നു: "ഈ ആയത്തിൽ പറയപ്പെട്ട മൂന്നു കാര്യങ്ങളും മ്ലേഛവും നജസും ഉപദ്രവകരവുമാണ്. അതിനാൽ നിങ്ങളോടുള്ള കാരുണ്യമായി കൊണ്ട് അല്ലാഹു അവയെല്ലാം നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾ വൃത്തികേടുകളിൽ നിന്ന് അകന്നു നിൽക്കുന്ന

തിനുമത്രെ ഇപ്രകാരം അല്ലാഹു വിധിച്ചിരിക്കുന്നത്.” (തഫ്സീറു സ്സഅ്ദി: 1/277)

പന്നി നജസാണെന്ന കാര്യം ബോധ്യപ്പെടുന്നതിനാണ് ഇത്രയും പറഞ്ഞത്. എന്നാൽ പന്നിയുടെയും മറ്റു ജീവികളുടെയും രോമത്തി ന്റെ കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ ശക്തമായ അഭിപ്രായവ്യ ത്യാസം ഉള്ളതായി കാണാം.

ബഹുഭൂരിപക്ഷത്തിന്റെയും അഭിപ്രായം പന്നിയുടെ രോമവും ന ജസാണ്; അനിവാര്യസാഹചര്യത്തിൽ അകപ്പെട്ടാലല്ലാതെ അവ ഉപ യോഗിക്കുന്നത് അനുവദനീയമല്ലെന്നാണ്. പഴയകാലഘട്ടങ്ങളിൽ തോൽതുന്നുന്നവർക്കും മറ്റും -നിർബന്ധസാഹചര്യത്തിൽ- ഇവ ഉപ യോഗിക്കാൻ ചില പണ്ഡിതന്മാർ ഇളവ് അനുവദിച്ചതായി കാണാം.

എന്നാൽ പണ്ഡിതന്മാരിൽ ചിലർക്ക് പന്നിയുടെ രോമം നജസ ല്ലെന്നും അവ ഉപയോഗപ്പെടുത്താമെന്നും അഭിപ്രായമുണ്ട്. ഇമാം മാ ലികിന്റെ അഭിപ്രായവും, ഇമാം അഹ്മദിൽ നിന്ന് നിവേദനം ചെയ്യപ്പെ ട്ട വ്യത്യസ്ത അഭിപ്രായങ്ങളിൽ ഒന്നും ഇപ്രകാരമാണ്.

പന്നിയുടെ രോമം നജസാണെന്ന് ബോധ്യപ്പെടുത്തുന്ന വ്യക്ത മായ തെളിവില്ല എന്നതാണ് ഇവരുടെ ന്യായം. ജീവാംശം നിലകൊ ള്ളുന്ന മാംസമോ തൊലിയോ പോലെ, നിർജ്ജീവമായ രോമത്തെ കണക്കാക്കാനാവില്ല എന്നും ഈ വിഭാഗം പണ്ഡിതന്മാർ വിവരിച്ച തായി കാണാം.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ, ഇബ്നുൽ ഖയ്യിം തുട ങ്ങിയവർ ഈ അഭിപ്രായത്തിന് മുൻഗണന നൽകിയതായി കാണാം. ഈ വീക്ഷണം ശക്തമായ തെളിവുകളുടെ പിൻബലമുള്ളതാണെ ന്നാണ് മനസ്സിലാകുന്നത് -വല്ലാഹു അഅ്ലം-.

എന്നാൽ -പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസം ഉടലെടു ത്തിട്ടുള്ള വിഷയങ്ങളിൽ- സൂക്ഷ്മത പുലർത്തുകയും, ഹറാം എന്ന് -ബഹുഭൂരിപക്ഷം പണ്ഡിതന്മാരും- അഭിപ്രായപ്പെട്ടവയെ പരമാവധി അകറ്റി നിർത്തുകയും ചെയ്യുന്നതാണ് ഏറ്റവും നല്ലത്. സംശയലേശ മന്യേ അനുവദനീയമാണെന്ന് സ്ഥിരപ്പെട്ട മറ്റു മാർഗങ്ങൾ നിലനിൽ ക്കുമ്പോൾ പ്രത്യേകിച്ചും.

ചോദ്യത്തിൽ പരാമർശിക്കപ്പെട്ടത് പന്നിരോമം കൊണ്ട് നിർമ്മി ക്കപ്പെടുന്ന ബ്രഷുകളാണ്. പന്നിമാംസം കൊണ്ടല്ലാതെ നിർമ്മിക്ക പ്പെടുന്ന മറ്റു ബ്രഷുകളും ഉപകരണങ്ങളും വ്യാപകമായി ലഭ്യമാണെ

ന്നിരിക്കെ അത്തരം മാർഗങ്ങൾ ഉപയോഗപ്പെടുത്തുന്നതാണ് കൂടുതൽ സൂക്ഷ്മവും, മതപരമായി സമാധാനമേകുന്നതും എന്നതിൽ സംശയമില്ല. വല്ലാഹു അഅ്ലം.

## 16. പന്നിയുടെ നജസ് ഏഴു തവണ കഴുകണമോ?

പന്നിയുടെ നജസ് മറ്റെല്ലാ നജസായ വസ്തുക്കളും കഴുകുന്നത് പോലെ വെള്ളം കൊണ്ട് കഴുകിയാൽ മാത്രം മതിയാകും. നായയുടെ നജസ് ഏഴു തവണ കഴുകുകയും, മണ്ണ് കലർത്തിയ വെള്ളം കൊണ്ട് കഴുകുകയും ചെയ്യുന്നത് പോലെ പന്നിയുടെ നജസ് കഴുകേണ്ടതില്ല എന്നതാണ് ശരിയായ അഭിപ്രായം.

ഹനഫീ മദ്ഹബിലെയും, മാലികീ മദ്ഹബിലെയും അഭിപ്രായം ഇപ്രകാരമാകുന്നു. ഇമാം ശാഫിഇയുടെ പഴയ വീക്ഷണവും, ഇമാം അഹ്മദിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട അഭിപ്രായങ്ങളിലൊന്നുമാണിത്. ഇമാം നവവി, ഇബ്നു ഹസ്മ്, ഇബ്നു ബാസ്, ഇബ്നു ഉഥൈമീൻ തുടങ്ങിയവർ ഈ വീക്ഷണമാണ് ശരിയായി സ്വീകരിച്ചിട്ടുള്ളത്.

കാരണം നായയുടെ നജസ് ശുദ്ധീകരിക്കുന്നത് പോലെ പന്നിയുടെ നജസും ശുദ്ധീകരിക്കണമെന്ന് നബി -ﷺ- ഏതെങ്കിലും ഹദീഥുകളിൽ നിർദേശിച്ചതായി സ്ഥിരപ്പെട്ടിട്ടില്ല. അതിനാൽ മറ്റെല്ലാ നജസുകളുടെയും കാര്യത്തിലുള്ള പൊതുനിയമം ഇക്കാര്യത്തിലും ബാധകമാണ്.

ഇമാം നവവി -رحمه الله- പറയുന്നു: "പന്നിയുടെ നജസ് ഒരു തവണ -മണ്ണ് ഉൾപ്പെടുത്താതെ- കഴുകിയാൽ മതിയാകും എന്നതാണ് തെളിവിന്റെ അടിസ്ഥാനത്തിൽ ശരിയാവുക. പന്നിയുടെ മാംസം നജസാണെന്ന് അഭിപ്രായപ്പെട്ടവരിൽ ബഹുഭൂരിപക്ഷം പണ്ഡിതന്മാരും ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത്.

അത് തന്നെയാണ് സ്വീകാര്യമായ വീക്ഷണവും. കാരണം (ഏഴു തവണ കഴുകലും, മണ്ണ് ഉൾപ്പെടുത്തലും നജസ് ശുദ്ധീകരിക്കാൻ നിർബന്ധമാകുന്നു എന്നറിയിക്കുന്ന) തെളിവ് സ്ഥിരപ്പെടുന്നത് വരെ അക്കാര്യം ഒന്നിലും നിർബന്ധമില്ല എന്നതാണ് അടിസ്ഥാനം." (മജ്മൂഅ്: 2/586) വല്ലാഹു അഅ്ലം.

## 17. പന്നി മാംസം ഉൾപ്പെടുന്ന മരുന്ന് ചികിത്സക്ക് ഉപയോഗിക്കാമോ?

പന്നിയുടെ മാംസമോ, അതിന്റെ മറ്റു ഭാഗങ്ങളോ മരുന്നായി കഴി

ച്ചു കൊണ്ടുള്ള ചികിത്സ അനുവദനീയമല്ല. ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം ഇപ്രകാരമാകുന്നു.

عَنْ أَبِي هُرَيْرَةَ، قَالَ: نَهَى رَسُولُ اللهِ -ﷺ- عَنِ الدَّوَاءِ الْخَبِيثِ.

അബൂ ഹുറൈറ -رضي الله عنه- പറയുന്നു: "മ്ലേഛമായ മരുന്ന് നബി -ﷺ- നിരോധിച്ചിരിക്കുന്നു." (അബൂദാവൂദ്: 3870, തിർമിദി: 2045, ഇബ്നു മാജ: 3459, അഹ്മദ്: 8034, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

عَنْ أَبِي وَائِلٍ أَنَّ رَجُلاً أَصَابَهُ الصَّفْرُ، فَنُعِتَ لَهُ السَّكَرُ، فَسَأَلَ عَبْدَ اللهِ عَنْ ذَلِكَ؟ فَقَالَ: إِنَّ اللهَ لَمْ يَجْعَلْ شِفَاءَكُمْ فِيمَا حَرَّمَ عَلَيْكُمْ.

അബൂ വാഇൽ -رحمه الله- നിവേദനം: സ്വഫർ [1] എന്ന രോഗം ഒരാൾക്ക് പിടിപെടുകയുണ്ടായി. അയാൾക്ക് മുന്തിരി വീഞ്ഞ് മരുന്നായി നിർദേശിക്കപ്പെട്ടു. (ഇത് അനുവദനീയമാണോ എന്ന്) അബ്ദുല്ലാഹിബ്നു മസ്ഊദ് -رضي الله عنه- വിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "അല്ലാഹു നിങ്ങൾക്ക് മേൽ നിഷിദ്ധമാക്കിയവയിൽ നിങ്ങളുടെ രോഗശമനം അവൻ നിശ്ചയിച്ചിട്ടില്ല." (ബുഖാരി (മുഅല്ലഖ്): 5614 ാം ഹദീഥിന് മുൻപ്, മുസ്വന്നഫ് അബ്ദിൽ റസാഖ്: 17097, മുസ്വന്നഫ് ഇബ്നി അബീ ശൈബ: 7/381, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

ഇബ്നു തൈമിയ്യ -رحمه الله- പറയുന്നു: "പന്നിമാംസം ഭക്ഷിച്ചു കൊണ്ടുള്ള ചികിത്സ അനുവദനീയമല്ല. എന്നാൽ ചികിത്സയുടെ ഭാഗമായി ശരീരത്തിൽ പന്നിമാംസമോ മറ്റോ പുരട്ടുകയും ശേഷം അത് കഴുകിക്കളയുകയും ചെയ്യുന്നത് അനുവദനീയമാണോ അല്ലേ എന്നതാകട്ടെ; മറ്റൊരു ചർച്ചയുടെ ഭാഗമാണ്.

നിസ്കാരത്തിലല്ലാത്ത സന്ദർഭങ്ങളിൽ നജസുമായി കൂടിക്കലരുക എന്നത് അനുവദനീയമാണോ എന്നതാണ് പ്രസ്തുത ചർച്ച. പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടായിട്ടുള്ള പ്രസിദ്ധമായ വിഷയങ്ങളിലൊന്നാണത്. നജസുമായി കൂടിക്കലരുന്നത് -ന്യായമായ ആവശ്യമുണ്ടെങ്കിൽ- അനുവദനീയമാണ് എന്നതാണ് ശരിയായ അഭിപ്രായം.

മലമൂത്ര വിസർജനം ശുദ്ധീകരിക്കാൻ തന്റെ കൈ കൊണ്ട് ഒരാൾ അവ സ്പർശിക്കുന്നത് ഉദാഹരണം. ഇപ്രകാരം ആവശ്യവേളകളിൽ അനുവദിക്കപ്പെട്ടത് ചികിത്സയുടെ ഭാഗമായും അനുവദിക്ക

1 വയറിനെ ബാധിക്കുന്ന ഒരു തരം രോഗമാണിത്. കരളിനെ ബാധിക്കുന്ന രോഗത്തിനും ഇതേ പേര് പറയാറുണ്ട്.

പ്പെടാവുന്നതാണ്. ചികിത്സയുടെ ഭാഗമായി പട്ട് ധരിക്കുന്നത് -ശരിയായ അഭിപ്രായപ്രകാരം- അനുവദനീയമാണെന്നത് പോലെ.

എന്നാൽ അനിവാര്യസാഹചര്യങ്ങളിൽ മാത്രം അനുവദിക്കപ്പെട്ട കാര്യങ്ങൾ -മരണം ഭയപ്പെട്ടാൽ നിഷിദ്ധഭക്ഷണങ്ങൾ ഭക്ഷിക്കുന്നത് അനുവദനീയമാണെന്നത് പോലെയുള്ളവ- ചികിത്സയുടെ ഭാഗമായി അനുവദിക്കപ്പെടുന്നതല്ല. അതു കൊണ്ടാണ് മദ്യം കുടിച്ചു കൊണ്ടുള്ള ചികിത്സകൾ അനുവദനീയമല്ലാത്തത്." (മജ്മൂഉൽ ഫതാവാ: 24/270-271)

## 18. നായ ശരീരം കുടഞ്ഞപ്പോൾ ശരീരത്തിൽ വെള്ളം തെറിച്ചു; എന്തു ചെയ്യണം?

നായ മുഴുവനായും നജസാണോ എന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്.

നായ മുഴുവനായും നജസല്ല എന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുണ്ട്. മാലികീ മദ്ഹബിലെ അഭിപ്രായം ഇപ്രകാരമാണ്. ഇമാം സുഹ്രി, ഇമാം അബൂ ഹനീഫഃ തുടങ്ങിയവർ ഈ വീക്ഷണം സ്വീകരിച്ചതായും കാണാം.

നായ മുഴുവനായും നജസാണെന്ന് അഭിപ്രായപ്പെട്ട ഒരു വിഭാഗം പണ്ഡിതന്മാരുമുണ്ട്. ശാഫിഈ മദ്ഹബിലെ അവലംബനീയമായ അഭിപ്രായവും, ഹമ്പലീ മദ്ഹബിന്റെ അഭിപ്രായവും ഇപ്രകാരമാണ്. അബൂ ഹനീഫയുടെ പ്രഗത്ഭ ശിഷ്യന്മാരായ അബൂ യൂസുഫ്, മുഹമ്മദ് ബ്നുൽ ഹസൻ എന്നിവരുടെ അഭിപ്രായവും ഇപ്രകാരമാണ്. ഇമാം സ്വൻആനീ, ഇബ്നു ഉഥൈമീൻ തുടങ്ങിയവരും ഈ വീക്ഷണക്കാരാണ്.

عَنْ أَبِي هُرَيْرَةَ قَالَ: إِنَّ رَسُولَ اللهِ -ﷺ- قَالَ: «**إِذَا شَرِبَ الكَلْبُ فِي إِنَاءِ أَحَدِكُمْ فَلْيَغْسِلْهُ سَبْعًا**»

അബൂ ഹുറൈറ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "നിങ്ങളിലാരുടെയെങ്കിലും പാത്രത്തിൽ നിന്ന് നായ കുടിച്ചാൽ അവനത് ഏഴു തവണ കഴുകിക്കൊള്ളട്ടെ." (ബുഖാരി: 172, മുസ്‌ലിം: 279)

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللهِ -ﷺ-: «**طَهُورُ إِنَاءِ أَحَدِكُمْ إِذَا وَلَغَ فِيهِ الْكَلْبُ، أَنْ يَغْسِلَهُ سَبْعَ مَرَّاتٍ أُولَاهُنَّ بِالتُّرَابِ**»

അബൂ ഹുറൈറ -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "നായ നിങ്ങളിലാരുടെയെങ്കിലും പാത്രത്തിൽ തലയിട്ടാൽ അത് ശുദ്ധീകരിക്കേണ്ടത് ഏഴു തവണ ആ പാത്രം കഴുകിക്കൊണ്ടാണ്. അതിൽ ആദ്യത്തെ തവണ മണ്ണു കൊണ്ടായിരിക്കണം." (മുസ്ലിം: 279)

ഇമാം സ്വൻആനീ -ﷺ- പറയുന്നു: "അശുദ്ധി നീക്കുന്നതിനോ, നജസ് കഴുകുന്നതിനോ അല്ലാതെ ഇസ്ലാമിൽ വെള്ളം കൊണ്ട് കഴുകാൻ കൽപ്പിക്കപ്പെട്ടിട്ടില്ല. നായ പാത്രത്തിൽ തലയിടുന്നത് (വുദു നഷ്ടപ്പെടുക എന്നതു പോലുള്ള) അശുദ്ധിയിൽ പെട്ടതല്ല. അപ്പോൾ വെള്ളം കൊണ്ട് കഴുകാനുള്ള കൽപ്പന നായ നജസായത് കൊണ്ടാണെന്ന് ഉറപ്പായും മനസ്സിലാക്കാം.

(നായ തലയിട്ട) വെള്ളം ഒഴിച്ചു കളയുക എന്നത് സമ്പത്ത് പാഴാക്കലാണല്ലോ; ആ വെള്ളം നജസല്ലായിരുന്നെങ്കിൽ നബി -ﷺ- ഒരിക്കലും വെള്ളം ഒഴിച്ചു കളയാൻ കൽപ്പിക്കില്ലായിരുന്നു... ഇതിൽ നിന്ന് നായയുടെ വായ നജസാണെന്ന് വ്യക്തമായി ബോധ്യപ്പെടുന്നു. അതിന്റെ അടിസ്ഥാനത്തിൽ നായയുടെ ശരീരത്തിലെ ബാക്കിഭാഗവും നജസാണെന്ന് ഖിയാസ് (താരതമ്യം) ചെയ്യാവുന്നതാണ്." (സുബുലുസ്സലാം: 1/22)

മേൽ പറഞ്ഞതിൽ നിന്ന് നായ മുഴുവനായും നജസാണെന്ന അഭിപ്രായം വളരെ പ്രബലമായ വീക്ഷണങ്ങളിലൊന്നാണെന്ന് മനസ്സിലാക്കാം. അതിനാൽ -ചോദ്യത്തിൽ പരാമർശിക്കപ്പെട്ടതു പോലെ- നായ ശരീരം കുടയുകയും, അതിന്റെ മുകളിലുള്ള വെള്ളം വസ്ത്രത്തിലോ ശരീരത്തിലോ ബാധിക്കുകയും ചെയ്താൽ അവിടെ ഏഴു തവണ കഴുകണം; അതിൽ ഒരു തവണ മണ്ണു കൊണ്ടാണ് കഴുകേണ്ടത്. നനവുള്ള അവസ്ഥയിൽ നായ ശരീരത്തിലോ വസ്ത്രത്തിലോ സ്പർശിച്ചാലും ഇതു പോലെ തന്നെ കഴുകി വൃത്തിയാക്കണം. എന്നാൽ നായയുടെ ശരീരം ഉണക്കമുള്ള അവസ്ഥയിൽ അത് ശരീരത്തിലോ വസ്ത്രത്തിലോ സ്പർശിച്ചാൽ കഴുകേണ്ടതില്ല. കാരണം ഉണങ്ങിയ വസ്തുവിൽ നിന്ന് നജസ് പകരുന്നതല്ല.

വല്ലാഹു അഅ്ലം.

## 19. നായ തലയിട്ട പാത്രം കഴുകേണ്ടത് എങ്ങനെയാണ്?

നായ പാത്രത്തിൽ തലയിടുകയും, അതിന്റെ നാവ് കൊണ്ട് നക്കിത്തുടക്കുകയും ചെയ്താൽ ആ പാത്രം ശുദ്ധീകരിക്കണമെങ്കിൽ -നിർബന്ധമായും- ഏഴു തവണ വെള്ളം കൊണ്ട് കഴുകണം; ഏഴു

തവണകളിലൊന്ന് മണ്ണ് കൊണ്ടായിരിക്കുകയും വേണം. ഹമ്പലീ, ശാഫിഈ മദ്ഹബുകളിലെ അഭിപ്രായം ഇപ്രകാരമാണ്.

പാത്രത്തിൽ ഏഴു തവണ വെള്ളമൊഴിക്കുകയും, ഓരോ തവണയും പാത്രം തേച്ചു കഴുകുകയും, അതിലെ വെള്ളം പുറത്തേക്ക് ഒഴിക്കുകയും ചെയ്യണം. ഇതിൽ ഒരു തവണ മണ്ണ് കലർത്തിയ വെള്ളം കൊണ്ടോ, അതല്ലെങ്കിൽ വെള്ളമില്ലാതെ മണ്ണ് മാത്രം കൊണ്ടോ തേച്ച് കഴുകണം. ആദ്യത്തെ തവണ മണ്ണ് കലർത്തിയ വെള്ളം കൊണ്ട് കഴുകുന്നതാണ് ഏറ്റവും നല്ലത് എന്ന് അഭിപ്രായപ്പെട്ട ധാരാളം പണ്ഡിതന്മാരുണ്ട്. അബൂ ഹുറൈറ -ﷺ- വിന്റെ ഹദീഥാണ് പ്രസ്തുത അഭിപ്രായത്തിനുള്ള തെളിവ്.

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللهِ -ﷺ-: «**طَهُورُ إِنَاءِ أَحَدِكُمْ إِذَا وَلَغَ فِيهِ الْكَلْبُ، أَنْ يَغْسِلَهُ سَبْعَ مَرَّاتٍ أُولَاهُنَّ بِالتُّرَابِ**»

അബൂ ഹുറൈറ -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "നായ നിങ്ങളിലാരുടെയെങ്കിലും പാത്രത്തിൽ തലയിട്ടാൽ അത് ശുദ്ധീകരിക്കേണ്ടത് ഏഴു തവണ ആ പാത്രം കഴുകിക്കൊണ്ടാണ്. അതിൽ ആദ്യത്തെ തവണ മണ്ണു കൊണ്ടായിരിക്കണം." (മുസ്ലിം: 279)

ഏഴു തവണ വെള്ളം കൊണ്ട് കഴുകുകയും എട്ടാമത്തെ തവണ മണ്ണു കൊണ്ട് കഴുകുകയുമാണ് വേണ്ടതെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുമുണ്ട്. അബ്ദുല്ലാഹി ബ്നു മുഗഫ്ഫൽ -ﷺ- വിന്റെ ഹദീഥാണ് പ്രസ്തുത വീക്ഷണക്കാരുടെ തെളിവ്.

عَنِ ابْنِ الْمُغَفَّلِ قَالَ: قَالَ رَسُولُ اللهِ -ﷺ-: «**إِذَا وَلَغَ الْكَلْبُ فِي الْإِنَاءِ فَاغْسِلُوهُ سَبْعَ مَرَّاتٍ، وَعَفِّرُوهُ الثَّامِنَةَ فِي التُّرَابِ**»

ഇബ്നുൽ മുഗഫ്ഫൽ -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "നായ പാത്രത്തിൽ തലയിട്ടാൽ അത് ഏഴു തവണ കഴുകുക. എട്ടാമത്തെ തവണ മണ്ണിൽ ഉരക്കുകയും ചെയ്യുക." (മുസ്ലിം: 280)

### 20. നായ തൊട്ട വസ്തു സോപ്പ് കൊണ്ടോ മറ്റോ വൃത്തിയാക്കിയാൽ മതിയാകുമോ?

നായയുടെ നജസ് ബാധിച്ച വസ്തുക്കൾ -നിർബന്ധമായും- മണ്ണു കൊണ്ട് തന്നെ കഴുകുകയാണ് വേണ്ടത് എന്നാണ് ശാഫിഈ മദ്ഹബിലെ അഭിപ്രായം. ശുദ്ധീകരിക്കാൻ അനുയോജ്യമായ മണ്ണ്

ലഭ്യമല്ലാത്ത സ്ഥിതിവിശേഷം ഉണ്ടാവുകയോ, മണ്ണു കൊണ്ട് കഴുകുന്നത് കൊണ്ട് ശുദ്ധീകരിക്കപ്പെടുന്ന വസ്തു ഉപയോഗശൂന്യമാകാൻ കാരണമാവുകയോ ചെയ്യുമെങ്കിൽ മണ്ണ് ഒഴിവാക്കാം എന്നുമുള്ള ഒരു വീക്ഷണം ശാഫിഈ മദ്ഹബിലുണ്ട്. ശൈഖ് ഇബ്നു ഉഥൈമീൻ -ﷺ- ഈ അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളത്.

ഇബ്നു ഉഥൈമീൻ -ﷺ- പറയുന്നു: "നായയുടെ നജസ് ശുദ്ധീകരിക്കുന്നതിന് വേണ്ടി മണ്ണിന് പകരം മറ്റേതെങ്കിലും വസ്തു ഉപയോഗപ്പെടുത്താം എന്ന വീക്ഷണം കൃത്യതയുള്ളതല്ല. അതിന്റെ കാരണങ്ങൾ ഇവയാണ്.

1- നായയുടെ നജസ് ശുദ്ധീകരിക്കാൻ മണ്ണ് ഉപയോഗപ്പെടുത്തണമെന്നത് ഇസ്‌ലാമിക പ്രമാണങ്ങളിൽ ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യമാണ്. അത് പിൻപറ്റുക എന്നതാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്.

2- (ശുദ്ധീകരണത്തിന് ഉപയോഗിക്കപ്പെട്ടിരുന്ന) സിദ്ർ, കാരം പോലുള്ളവ നബി -ﷺ- യുടെ കാലഘട്ടത്തിൽ ഉണ്ടായിരുന്നു. എന്നാൽ ഇവയൊന്നും ഉപയോഗിക്കാമെന്ന് നബി -ﷺ- സൂചന നൽകിയിട്ടില്ല.

3- നായയുടെ ഉമിനീരിൽ നിന്ന് പുറത്തു വരുന്ന രോഗാണുക്കളെ നശിപ്പിക്കുന്ന എന്തെങ്കിലും പ്രത്യേകമായ ഘടകം മണ്ണിൽ ഉണ്ടായിരിക്കാം.

4- ഇസ്‌ലാമിലെ ശുദ്ധീകരണത്തിന്റെ രണ്ട് പ്രധാന മാർഗങ്ങളിൽ ഒന്നാണ് മണ്ണും വെള്ളവും. വെള്ളമില്ലാത്ത സന്ദർഭങ്ങളിൽ മണ്ണ് അതിന് പകരമായി ഉപയോഗിക്കപ്പെടാറുണ്ട്. (ഇത് ശുദ്ധീകരണത്തിൽ മണ്ണിന് പ്രത്യേകതയുണ്ടെന്ന് സൂചന നൽകുന്നു.)

അതിനാൽ മണ്ണിന് പകരം ഇത്തരം വസ്തുക്കൾ ഉപയോഗപ്പെടുത്തുന്നത് ശരിയാവുകയില്ല. എന്നാൽ മണ്ണ് ലഭ്യമല്ലാത്ത അവസ്ഥ ഉണ്ടാവുകയാണെങ്കിൽ -അതാകട്ടെ, വളരെ വിദൂര സാധ്യത മാത്രമാണ്-; അപ്പോൾ സോപ്പോ മറ്റോ ഉപയോഗിക്കുന്നതാണ് അത് ഉപേക്ഷിക്കുന്നതിനേക്കാൾ നല്ലത്." (ശർഹുൽ മുംതിഅ്: 1/292)

## 21. മാലിന്യങ്ങൾ ഭക്ഷിക്കുന്ന പോത്ത്, കോഴി പോലുള്ളവയെ ഭക്ഷിക്കാമോ?

മാലിന്യങ്ങൾ മാത്രമുള്ള ഇടങ്ങളിൽ ജീവിക്കുന്ന കന്നുകാലി

കൾ -മറ്റു ഭക്ഷണങ്ങൾ ലഭിച്ചില്ലെങ്കിൽ- മലമൂത്ര വിസർജ്യങ്ങൾ പോലുള്ള നജസുകൾ ഭക്ഷണമാക്കാറുണ്ട്. ഇങ്ങനെ പ്രധാന ഭക്ഷണം നജസായി തീർന്ന മൃഗങ്ങളെ അറബിയിൽ 'ജല്ലാലഃ' (الجَلَّالَـةُ) എന്നാണ് വിശേഷിപ്പിക്കാറുള്ളത്.

'ജല്ലാലഃ'കളെ ഭക്ഷിക്കുന്നതും, അവയുടെ പാൽ കുടിക്കുന്നതും മക്റൂഹാണ് എന്നാണ് ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. ഹനഫീ, ശാഫിഈ മദ്ഹബുകളുടെ അഭിപ്രായം ഇപ്രകാരമാണ്.

എന്നാൽ ജല്ലാലഃ ഭക്ഷിക്കുന്നത് നിഷിദ്ധമാണ് എന്ന വീക്ഷണമാണ് ഹമ്പലീ മദ്ഹബിലെ പ്രബലമായ അഭിപ്രായം. നജസ് മാത്രം ഭക്ഷിക്കുന്ന പക്ഷികളുടെ മുട്ടയും ഭക്ഷിക്കുന്നത് നിഷിദ്ധമാണെന്നാണ് മദ്ഹബിലെ വീക്ഷണം. ഇമാം സ്വൻആനീ, ഇമാം ശൗകാനീ തുടങ്ങിയവർ ഈ അഭിപ്രായമാണ് ശരിയായി സ്വീകരിച്ചിട്ടുള്ളത്. ലജ്നതുദ്ദാഇമയുടെ ഫത്‌വയും ഇതേ അഭിപ്രായത്തോട് യോജിച്ചുകൊണ്ടാണ്.

عَنِ ابْنِ عَبَّاسٍ قَالَ: نَهَى رَسُولُ اللهِ -ﷺ- عَنْ لَبَنِ شَاةِ الْجَلالَةِ.

ഇബ്നു അബ്ബാസ് -رضي الله عنه- പറയുന്നു: "നബി -ﷺ- 'ജല്ലാലഃ'യിൽ പെട്ട ആടിന്റെ പാൽ വിലക്കിയിരിക്കുന്നു." (അബൂ ദാവൂദ്: 3786, തിർമിദി: 1825, നസാഈ: 4448, അഹ്മദ്: 1989, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തിയിരിക്കുന്നു.)

عَنْ عَمْرِو بْنِ شُعَيْبٍ، عَنْ أَبِيهِ، عَنْ جَدِّهِ، قَالَ: نَهَى رَسُولُ اللهِ -ﷺ-: يَوْمَ خَيْبَرَ عَنْ لُحُومِ الْحُمُرِ الْأَهْلِيَّةِ، وَعَنِ الجَلَّالَةِ، عَنْ رُكُوبِهَا وَأَكْلِ لَحْمِهَا.

അബ്ദുല്ലാഹി ബ്നു അംറ് ബ്നുൽ ആസ്വ് -رضي الله عنه- നിവേദനം: ഖൈബർ യുദ്ധദിവസം നബി -ﷺ- മനുഷ്യരുമായി ഇണങ്ങിക്കഴിയുന്ന കഴുതകളെയും, ജല്ലാലഃകളെയും വിലക്കിയിരിക്കുന്നു; അവയെ വാഹനമാക്കുന്നതും, അവയുടെ മാംസം ഭക്ഷിക്കുന്നതും." (അബൂ ദാവൂദ്: 3811, നസാഈ: 4447, അഹ്മദ്: 7039, അൽബാനി ഹസനുൻ സ്വഹീഹ് എന്ന് വിലയിരുത്തിയിരിക്കുന്നു.)

ഈ ഹദീഥുകളിൽ നബി -ﷺ- 'ജല്ലാലഃ'കളുടെ മാംസം ഭക്ഷിക്കുന്നത് വിലക്കിയിരിക്കുന്നു. നബി -ﷺ- ഒരു കാര്യം വിലക്കിയാൽ അത് ഹറാമിനെയാണ് അറിയിക്കുന്നത് എന്നതാണ് അടിസ്ഥാനം; ഇതിൽ

നിന്ന് വ്യതിചലിക്കാൻ തക്കതായ മറ്റെന്തെങ്കിലും തെളിവ് ഇല്ലാത്തിടത്തോളം ഈ നിയമത്തിൽ മാറ്റമുണ്ടാകുന്നതല്ല. അതിനാൽ 'ജല്ലാലഃ'കളുടെ മാംസവും, പാലും നിഷിദ്ധമാണ്.

എന്നാൽ ഇത്തരം മൃഗങ്ങളെ നജസുകൾ ഭക്ഷിക്കുന്നതിൽ നിന്ന് തടഞ്ഞു വെക്കുകയും, ശുദ്ധമായ ഭക്ഷണം നൽകി അതിൽ ശീലപ്പെടുത്തുകയും, അങ്ങനെ അവയുടെ ശരീരത്തിലെ നജസിന്റെ അടയാളം നീങ്ങുകയും, അവ ശുദ്ധമായിരിക്കുന്നു എന്ന് ബോധ്യപ്പെടുകയും ചെയ്താൽ അവയുടെ പാൽ ഉപയോഗപ്പെടുത്തുകയും, മാംസം ഭക്ഷിക്കുകയും ചെയ്യാവുന്നതാണ്. ഈ വിഷയത്തിൽ ഇജ്മാഉള്ളതായി ഇബ്നു ഖുദാമ, ഇബ്നു തൈമിയ്യഃ തുടങ്ങിയവർ രേഖപ്പെടുത്തിയിട്ടുണ്ട്.

എത്ര ദിവസമാണ് നജസിൽ നിന്ന് 'ജല്ലാലഃ'കളെ മാറ്റി നിർത്തേണ്ടത് എന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്. വ്യത്യസ്ത എണ്ണം ദിവസങ്ങൾ ഓരോരുത്തരും നിർദേശിച്ചിട്ടുണ്ടെങ്കിലും, നജസിന്റെ അടയാളം മൃഗങ്ങളുടെ ശരീരത്തിൽ നിന്ന് നീങ്ങുന്നത് വരെ അവയെ പിടിച്ചു വെച്ചാൽ മതി എന്ന അഭിപ്രായമാണ് കൂടുതൽ ശരിയായി മനസ്സിലാകുന്നത്. ഹനഫീ, ശാഫിഈ മദ്ഹബുകളുടെ അഭിപ്രായം ഇപ്രകാരമാണ്. ഇമാം ഇബ്നു ഹസ്മ് -ﷺ- ഈ അഭിപ്രായത്തിന് മുൻഗണന നൽകിയിട്ടുണ്ട്.

## 22. എന്താണ് ഇസ്‌ലാമിന്റെ ഭാഷയിൽ 'മയ്തത്' (ശവം) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്?

'അറുക്കുന്നത് കാരണത്താലല്ലാതെ ആത്മാവ് വേർപിരിഞ്ഞവക്ക്' അറബിയിൽ മയ്തത് (الميتة) / ശവം എന്ന് പറയാം. എന്നാൽ ഇസ്‌ലാമിന്റെ ഭാഷയിൽ മയ്തത് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് 'ഇസ്‌ലാം നിർദേശിച്ച രൂപത്തിലല്ലാതെ ചത്തു പോയവയാണ്'.

ചത്തു പോവ ശവങ്ങളെ -അവക്ക് ശുദ്ധിയുണ്ടോ ഇല്ലേ എന്നതിന്റെ അടിസ്ഥാനത്തിൽ- രണ്ടായി വേർതിരിക്കാറുണ്ട്.

1- ശുദ്ധിയുള്ള മയ്തതുകൾ. മനുഷ്യന്റെ മൃതദേഹവും, ചത്ത മത്സ്യവും ഉദാഹരണങ്ങൾ.

2- നജസായ മയ്തതുകൾ. മുങ്ങിച്ചത്ത മൃഗങ്ങൾ ഉദാഹരണം.

ഓരോ ജീവിയും മരണപ്പെട്ട രൂപത്തിന്റെ അടിസ്ഥാനത്തിൽ ശവങ്ങളെ രണ്ടായി തിരിക്കാം.

**ഒന്ന്:** മനുഷ്യന്റെ പ്രവൃത്തി കാരണത്താലല്ലാതെ, സ്വാഭാവികമായി മരിച്ചു പോകുന്നവ.

**രണ്ട്:** ഇസ്‌ലാമികമായ അറവിന്റെ നിയമങ്ങൾ പാലിക്കാതെ മനുഷ്യർ കൊലപ്പെടുത്തിയവ.

ഈ രണ്ട് ഇനങ്ങളിലും പെട്ടവയെ ഉൾക്കൊള്ളുന്ന ആയത്താണ് സൂറ. മാഇദയിലെ 3 ാമത്തെ ആയത്ത്. അല്ലാഹു പറയുന്നു:

﴿ حُرِّمَتْ عَلَيْكُمُ ٱلْمَيْتَةُ وَٱلدَّمُ وَلَحْمُ ٱلْخِنزِيرِ وَمَآ أُهِلَّ لِغَيْرِ ٱللَّهِ بِهِۦ وَٱلْمُنْخَنِقَةُ وَٱلْمَوْقُوذَةُ وَٱلْمُتَرَدِّيَةُ وَٱلنَّطِيحَةُ وَمَآ أَكَلَ ٱلسَّبُعُ إِلَّا مَا ذَكَّيْتُمْ ﴾

"ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണുചത്തത്, കുത്തേറ്റ് ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽ നിന്നൊഴിവാകുന്നു." (മാഇദ: 3)

### 23. കഴുത്ത് ഞെരിച്ചു കൊന്ന കോഴിയുടെ മാംസം ഭക്ഷിക്കാമോ?

കഴുത്ത് ഞെരിച്ചു കൊല്ലപ്പെട്ട ജീവികൾ ഇസ്‌ലാമിൽ ശവമായാണ് (മയ്തത്) പരിഗണിക്കപ്പെടുക. രക്തസഞ്ചാരമില്ലാത്ത, കരയിൽ ജീവിക്കുന്ന മൃഗങ്ങൾ ഇസ്‌ലാമികമായ രൂപത്തിൽ അറുക്കപ്പെടാതെയാണ് കൊല്ലപ്പെട്ടതെങ്കിൽ അവയെല്ലാം ശവത്തിലാണ് ഉൾപ്പെടുക. ശവമാകട്ടെ, നജസാണ്. നജസ് ഭക്ഷിക്കുക എന്നത് അനുവദനീയവുമല്ല.

അല്ലാഹു പറയുന്നു:

﴿ قُل لَّآ أَجِدُ فِى مَآ أُوحِىَ إِلَىَّ مُحَرَّمًا عَلَىٰ طَاعِمٍ يَطْعَمُهُۥٓ إِلَّآ أَن يَكُونَ مَيْتَةً أَوْ دَمًا مَّسْفُوحًا أَوْ لَحْمَ خِنزِيرٍ فَإِنَّهُۥ رِجْسٌ ﴾ الأنعام: ١٤٥

"(നബിയേ,) പറയുക: എനിക്ക് ബോധനം നൽകപ്പെട്ടിട്ടുള്ളതിൽ ഒരു ഭക്ഷിക്കുന്നവന്ന് ഭക്ഷിക്കുവാൻ പാടില്ലാത്തതായി യാതൊന്നും ഞാൻ കാണുന്നില്ല; അത് ശവമോ, ഒഴുക്കപ്പെട്ട രക്തമോ, പന്നിമാംസമോ ആണെങ്കിലൊഴികെ. കാരണം അത് മ്ലേച്ഛമത്രെ." (അൻആം: 145)

ഈ വിഷയത്തിൽ ഇജ്മാഉള്ളതായി അനേകം പണ്ഡിതന്മാർ രേ

ഖപ്പെടുത്തിയിട്ടുണ്ട്. ഇബ്നു ഖുദാമഃ, ഇബ്നു ഹസ്മ്, ഇബ്നു റുശ്ദ്, നവവി തുടങ്ങിയ ഇമാമീങ്ങൾ ഇക്കാര്യം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കഴുത്തു ഞെരിച്ചും, തലക്കടിച്ചും, കറന്റടിപ്പിച്ചുമെല്ലാം മൃഗങ്ങളെ കൊന്നാൽ അവയുടെ രക്തം ശരീരത്തിൽ തന്നെ കെട്ടിക്കിടക്കുകയും, അതിലൂടെ ശരീരം ചീയുകയും മാംസം കേടുവരികയും ചെയ്യും. ഇത് ഭക്ഷിക്കുന്നത് ശരീരത്തിന് ആരോഗ്യപരമായ പ്രയാസങ്ങളും സൃഷ്ടിക്കുമെന്നതിൽ സംശയമില്ല.

ഇമാം ഇബ്നു ഹസ്മ് -ﷺ- പറയുന്നു: "ശവത്തിന്റെ മാംസം, കൊഴുപ്പ്, നെയ്യ്, കൊഴുപ്പ്, അസ്ഥി, തലച്ചോർ എന്നിവയെല്ലാം നിഷിദ്ധമാണ് എന്നതിൽ പൊതുവെ പണ്ഡിതന്മാർ യോജിച്ചിരിക്കുന്നു. അവയെല്ലാം നജസുമാണ്." (മറാതിബുൽ ഇജ്മാഅ്: 23)

ഇമാം നവവി -ﷺ- പറയുന്നു: "-മനുഷ്യൻ, മത്സ്യം, വെട്ടുകിളി എന്നിവയുടേത് ഒഴികെ മറ്റുള്ളവയുടെ ശവങ്ങളെല്ലാം നജസാണ്. ഇക്കാര്യത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു എന്നതാണ് അതിനുള്ള തെളിവ്." (മജ്മൂഅ്: 2/562)

## 24. ചത്ത മൃഗങ്ങളുടെ തൊലി കൊണ്ട് നിർമ്മിക്കുന്ന ബാഗുകൾ ഉപയോഗിക്കാമോ?

ചത്ത ശവങ്ങളുടെ തൊലി നജസാണ്. നാല് മദ്ഹബുകളും ഇക്കാര്യത്തിൽ യോജിച്ചിരിക്കുന്നു. ഈ വിഷയത്തിൽ ഇജ്മാഉണ്ട് എന്ന് ചില പണ്ഡിതന്മാർ രേഖപ്പെടുത്തിയതായി കാണാം. വിശുദ്ധ ഖുർആനിലെ ആയത്ത് ഈ വിഷയത്തിലെ തെളിവാണ്.

അല്ലാഹു പറയുന്നു:

﴿قُل لَّآ أَجِدُ فِي مَآ أُوحِيَ إِلَيَّ مُحَرَّمًا عَلَىٰ طَاعِمٍ يَطۡعَمُهُۥٓ إِلَّآ أَن يَكُونَ مَيۡتَةً أَوۡ دَمًا مَّسۡفُوحًا أَوۡ لَحۡمَ خِنزِيرٍ فَإِنَّهُۥ رِجۡسٌ﴾ الأنعام: ١٤٥

"(നബിയേ,) പറയുക: എനിക്ക് ബോധനം നൽകപ്പെട്ടിട്ടുള്ളതിൽ ഒരു ഭക്ഷിക്കുന്നവന്ന് ഭക്ഷിക്കുവാൻ പാടില്ലാത്തതായി യാതൊന്നും ഞാൻ കാണുന്നില്ല; അത് ശവമോ, ഒഴുക്കപ്പെട്ട രക്തമോ, പന്നിമാംസമോ ആണെങ്കിലൊഴികെ. കാരണം അത് മ്ലേച്ഛമത്രെ." (അൻആം: 145)

എന്നാൽ ചത്ത ശവങ്ങളുടെ തൊലി ഊറക്കിട്ടതിന് ശേഷം ഉപ

യോഗിക്കാമോ എന്നതിൽ പണ്ഡിതന്മാർക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. പ്രബലമായ രണ്ട് അഭിപ്രായങ്ങൾ താഴെ പറയാം.

**ഒന്ന്:** പന്നി, നായ എന്നിവയുടെയും, വേട്ടയാടി ഭക്ഷണം കണ്ടെത്തുന്ന മൃഗങ്ങളുടെയും തൊലിയൊഴികെ മറ്റെല്ലാ മൃഗങ്ങളുടെയും ശവങ്ങൾ ഊറക്കിട്ട ശേഷം ഉപയോഗിക്കാവുന്നതാണ്. ശാഫിഈ മദ്ഹബിന്റെ അഭിപ്രായം ഇപ്രകാരമാണ്. ചില വ്യത്യാസങ്ങളോടെ ഹനഫീ മദ്ഹബും ഇതേ അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളത്.

عَنْ عَبْدِ اللهِ بْنِ عَبَّاسٍ قَالَ: سَمِعْتُ رَسُولَ اللهِ -ﷺ- يَقُولُ: «**إِذَا دُبِغَ الْإِهَابُ فَقَدْ طَهُرَ**»

ഇബ്നു അബ്ബാസ് -رضي الله عنهما- നിവേദനം: നബി -ﷺ- പറഞ്ഞു: "തൊലി ഊറക്കിടപ്പെട്ടാൽ അത് ശുദ്ധിയായി കഴിഞ്ഞിരിക്കുന്നു." (മുസ്‌ലിം: 366)

ഈ ഹദീഥിൽ നബി -ﷺ- ഒരു മൃഗത്തെയും ഒഴിച്ചു പറയാതെ, 'ഊറക്കിടപ്പെട്ടാൽ തൊലി ശുദ്ധിയാകുന്നതാണ്' എന്ന് അറിയിച്ചിരിക്കുന്നു. ഇതിൽ നിന്ന് നായയെയും പന്നിയെയും മാറ്റിനിർത്താനുള്ള തെളിവ് അവ രണ്ടും ജീവിതകാലത്ത് തന്നെ നജസാണെന്നതാണ്.

സിംഹം, കടുവ പോലുള്ള വേട്ടമൃഗങ്ങളുടെ തൊലി ഉപയോഗപ്പെടുത്തരുതെന്നതിനുള്ള തെളിവ് നബി -ﷺ- യുടെ ഹദീഥാണ്.

عَنْ أَبِي الْمَلِيحِ، عَنْ أَبِيهِ، «أَنَّ النَّبِيَّ -ﷺ- نَهَى عَنْ جُلُودِ السِّبَاعِ أَنْ تُفْتَرَشَ»

അബൂ മലീഹ് തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു: "നബി -ﷺ- വേട്ടമൃഗങ്ങളുടെ തൊലി വിരിപ്പായി ഉപയോഗിക്കുന്നത് വിരോധിച്ചിരിക്കുന്നു." (തിർമിദി: 1771, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തിയിരിക്കുന്നു.)

ഇമാം നവവി -رحمه الله- പറയുന്നു: "ഊറക്കിടുന്നതോടെ എല്ലാ മൃഗങ്ങളുടെയും ശവങ്ങളുടെ മേൽ നിന്ന് ലഭിക്കുന്ന തൊലിയും ശുദ്ധിയാകുന്നതാണ്; എന്നാൽ നായയും പന്നിയും അതിൽ നിന്നുണ്ടാകുന്നവയും ഈ വിധിയിൽ നിന്ന് ഒഴിവാണ്. അലി ബ്നു അബീ ത്വാലിബ്, ഇബ്നു മസ്ഊദ് എന്നിവരിൽ നിന്ന് ഈ അഭിപ്രായം നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്." (മജ്മൂഅ്: 1/217)

**രണ്ട്:** ഭക്ഷ്യയോഗ്യമായ മൃഗങ്ങളുടെ തൊലി മാത്രമേ ഊറക്കിട്ടാൽ ശുദ്ധിയാകൂ. അവയിൽ പെടാത്ത വന്യമൃഗങ്ങളുടെയും മറ്റും

തൊലി ഊറക്കിടുന്നത് കൊണ്ട് ശുദ്ധീകരിക്കപ്പെടുന്നതല്ല. ഇമാം മാലിക്, ഇമാം അഹ്മദ് എന്നിവരിൽ നിന്ന് ഈ അഭിപ്രായം നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

സലഫുകളിൽ പെട്ട ചിലർക്കും ഈ അഭിപ്രായം ഉള്ളതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഇബ്നുൽ അറബി, ഇബ്നു ഖുദാമഃ, ഇബ്നു തൈമിയ്യഃ, ഇബ്നു ബാസ്, ഇബ്നു ഉഥൈമീൻ തുടങ്ങിയവരും ഈ അഭിപ്രായം സ്വീകരിച്ചവരാണ്.

عَنِ ابْنِ عَبَّاسٍ، قَالَ: تُصُدِّقَ عَلَى مَوْلَاةٍ لِمَيْمُونَةَ بِشَاةٍ فَمَاتَتْ فَمَرَّ بِهَا رَسُولُ اللهِ -ﷺ- فَقَالَ: «**هَلَّا أَخَذْتُمْ إِهَابَهَا فَدَبَغْتُمُوهُ فَانْتَفَعْتُمْ بِهِ؟**» فَقَالُوا: إِنَّهَا مَيْتَةٌ فَقَالَ: «**إِنَّمَا حَرُمَ أَكْلُهَا**»

അബ്ദുല്ലാഹി ബ്നു അബ്ബാസ് -رضي الله عنهما- നിവേദനം: മയ്മൂനഃ -رضي الله عنها- യുടെ അടിമസ്ത്രീക്ക് ഒരു ആടിനെ ദാനമായി ലഭിച്ചു. അതാകട്ടെ, ചത്തു പോവുകയും ചെയ്തു. നബി -ﷺ- അതിന്റെ ശവത്തിനരികിലൂടെ നടന്നു പോയപ്പോൾ അവിടുന്ന് പറഞ്ഞു: "നിങ്ങൾക്ക് അതിന്റെ തൊലി എടുക്കുകയും, ഊറക്കിടുകയും, അത് പ്രയോജനപ്പെടുത്തുകയും ചെയ്തുകൂടേ?" കേട്ടവർ പറഞ്ഞു: "അത് (ചത്തു പോയ) ശവമാണ്." അപ്പോൾ നബി -ﷺ- പറഞ്ഞു: "ശവം ഭക്ഷിക്കുന്നത് മാത്രമാണ് നിരോധിക്കപ്പെട്ടിരിക്കുന്നത്." (ബുഖാരി: 1492, മുസ്ലിം: 363)

ഈ ഹദീഥിലും ഇതിന് സമാനമായ മറ്റു ഹദീഥുകളിലും പരാമർശിക്കപ്പെട്ടത് ഭക്ഷ്യയോഗ്യമായ ആടിന്റെ തൊലിയാണ് എന്നതിനാൽ അവ മാത്രമേ ഊറക്കിടുന്നത് കൊണ്ട് ശുദ്ധിയാകൂ എന്ന് മനസ്സിലാക്കാം. ഭക്ഷ്യയോഗ്യമല്ലാത്ത മൃഗങ്ങളുടെ തൊലി ശുദ്ധിയാണെന്ന് അറിയിക്കുന്ന ഹദീഥ് മറ്റൊന്നും വന്നിട്ടില്ലാത്തതിനാൽ അവയെ ഈ ഹദീഥിലേക്ക് ചേർത്തു വായിക്കുന്നത് ശരിയല്ല എന്നാണ് ഈ വിഭാഗം പണ്ഡിതന്മാരുടെ പക്ഷം.

ഒന്നാമത്തെ അഭിപ്രായം പറഞ്ഞവർ തെളിവു പിടിച്ച ഇബ്നു അബ്ബാസ് -رضي الله عنهما- യുടെ ഹദീഥിൽ 'തൊലി' എന്ന് അർത്ഥം നൽകപ്പെട്ട അറബി പദം (إِهَابٌ) ഭക്ഷ്യയോഗ്യമായ മൃഗങ്ങളുടെ തൊലിക്ക് മാത്രമേ ഉപയോഗിക്കൂ എന്നും വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

ഈ പറയപ്പെട്ട അഭിപ്രായങ്ങളിൽ രണ്ടാമത് നൽകിയ അഭിപ്രായമാണ് കൂടുതൽ ശരിയോട് അടുത്തു നിൽക്കുന്നതായി മനസ്സിലാകുന്നത്. വല്ലാഹു അഅ്ലം.

ഇത്രയും പറഞ്ഞതിൽ നിന്ന് ചോദ്യത്തിൽ ഉന്നയിക്കപ്പെട്ട വിഷയത്തിന്റെ മറുപടി മനസ്സിലാകേണ്ടതാണ്.

- ചത്ത ശവങ്ങളുടെ തൊലി ഊറക്കിടാതെയാണ് ബാഗുകൾ നിർമ്മിക്കുന്നതിനും മറ്റും ഉപയോഗിക്കപ്പെട്ടത് എങ്കിൽ അവ നജസാണ്.
- ഭക്ഷ്യയോഗ്യമല്ലാത്ത മൃഗങ്ങളുടെ തൊലി ഊറക്കിട്ടിട്ടുണ്ടെങ്കിലും, അവ കൊണ്ട് നിർമ്മിച്ച ബാഗുകളും മറ്റും ഉപയോഗിക്കാൻ പാടില്ല എന്നാണ് വലിയൊരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം.
- ഭക്ഷ്യയോഗ്യമായ മൃഗങ്ങളുടെ തൊലി ഊറക്കിട്ട ശേഷമാണ് ഉപയോഗപ്പെടുത്തിയതെങ്കിൽ അവ ഉപയോഗിക്കുന്നത് അനുവദനീയവുമാണ്.

സാന്ദർഭികമായി സൂചിപ്പിക്കട്ടെ. ഭക്ഷ്യയോഗ്യമായ മൃഗങ്ങളെ ഇസ്‌ലാമിക നിർദേശപ്രകാരം അറുത്തതിന് ശേഷമാണ് അവയുടെ തൊലി എടുത്തിട്ടുള്ളത് എങ്കിൽ അത് അനുവദനീയമാണ് എന്നതിൽ പണ്ഡിതന്മാർക്ക് ഇജ്മാഉണ്ട്.

ഇബ്നു ഹസ്മ് -﵀- പറയുന്നു: "ഭക്ഷ്യയോഗ്യമായ മൃഗങ്ങൾ ഇസ്‌ലാമിക രീതിയിൽ അറുക്കപ്പെട്ടാൽ അവയുടെ തൊലി ശുദ്ധിയുള്ളതാണ്. അത് ഉപയോഗിക്കുന്നതും, വിൽക്കുന്നതും അനുവദനീയവുമാണ്." (മറാതിബുൽ ഇജ്മാഅ്: 23)